

# ജി. എച്ച്. എസ്. മുടപ്പല്ലൂർ

2019 - 20

ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം

little KITEs

# പ്രകാശം

സപ്തവർണങ്ങളുടെ സ്നേഹപ്രഭ

# മുടപ്പല്ലൂർ സർക്കാർ വിദ്യാലയം



## ഞങ്ങളുടെ ഹെഡ്മാസ്റ്റർ




## ശ്രീ. മാത്യു. പി.കെ


പുത്രൻ മടിയിൽ മരിക്കുന്നരമ്മതൻ
ഇറ്റിറ്റു വീഴുന്ന കണ്ണുനീരാണു ഞാൻ.
നീരറ്റ മണ്ണിന്റെ നിത്യദാഹങ്ങളിൽ,
തോരാതെ പെയ്യുന്ന വർഷമാകുന്നു നീ.
വേദനതൻ കാളമേഘത്തിൽ നിന്നെത്തി,
ഭൂമിപൊള്ളിക്കുന്ന കൊള്ളിയാനാണ് ഞാൻ.
ബാലചന്ദ്രൻ ചുള്ളിക്കാട്

# പ്രകാശം വിതറിയ വഴികൾ


1. സമർപ്പണം........................................................................5
2. പത്രാധിപസമിതി................................................................6
3. മുഖമൊഴി..........................................................................7
4. ചാർജ്..............................................................................8
5. കലാലയ കാഴ്ചകൾ..............................................................9
6. കലാലയ കാഴ്ചകൾ..............................................................10
7. നാട്,കാഴ്ചയിൽ തെളിയുന്ന ദീപം.............................................11
8. കടമ്മനിട്ട..........................................................................12
9. മുടപ്പല്ലൂർ, ഭൂതകാലചിത്രം.....................................................13
10. ഭാരതം മനോഹരം..............................................................16
11. സുന്ദരനാട്........................................................................17
12. മനോഹരമെന്റെ നാട്............................................................17
13. വെള്ളച്ചാട്ടത്തിന്റെ മനോഹാരിത...............................................18
14. നിത്യമനോഹരനാട്...............................................................19
15. കേരളമെന്തെന്ന് ചൊല്ലീടുമ്പോൾ...............................................20
16. പ്രകൃതി............................................................................21
17. എന്റെ നാട്.........................................................................22
18. എന്റെ സുന്ദരനാട്.................................................................22
19. നാടിന്റെ നാൾവഴി................................................................23
20. എന്റെ യാത്ര........................................................................24
21. വയൽ................................................................................25
22. പാലക്കാടൻ വിശേഷങ്ങൾ.........................................................26
23. റിപ്പബ്ളിക് ദിനം....................................................................27
24. തൃശ്ശൂർ മൃഗശാലയിലേക്ക്.......................................................28
25. നാടിന്റെ ഭംഗി.....................................................................29
26. അമ്മയാം പ്രകൃതി..................................................................30

27. മാതൃഭാഷ;അമ്മസ്നേഹം....................................................................31

28. കരീപ്പുഴ ശ്രീകുമാർ..........................................................................32

29. മാതൃഭാഷ.............................................................................................33

30. അണയാതെ വെളിച്ചമേ....................................................................34

31. മാതൃഭാഷ.............................................................................................35

32. മലയാളം ..............................................................................................36

33. ഒരു ദിവസം..........................................................................................38

34. വാക്കുകളെ...........................................................................................40

35. മാനവികത, തീർഥജലം.....................................................................41

36. ചുള്ളിക്കാട്...........................................................................................42

37. അമ്മ.......................................................................................................43

38. ഉറക്കം പകൽ മതി..............................................................................44

39. സ്നേഹക്കടലിൽ തീരാദുഃഖം..........................................................45

40. രാജന്റെ മണ്ണ്......................................................................................46

41. വിടരാതെ പോയ മിഴികൾ.................................................................47

42. മകൾ.......................................................................................................50

43. എന്റെ മരം...........................................................................................51

44. ദൈവത്തിന്റെ കരുണ.........................................................................52

45. സ്നേഹം...................................................................................................54

46. കരുണയ്ക്കായി കൊതിച്ച മിഴികൾ...................................................55

47. പിറക്കാത്ത മകൾക്ക്..........................................................................56

48. വിരാമം..................................................................................................57


സമർപ്പണം
വാക്കിന്റെ തിരിനാളത്തിൽ
അറിവിന്റെ ദീപ്തപ്രകാശം തെളിയിച്ച,
വഴിനാദവും സ്നേഹവെളിച്ചവുമായ
ഗുരുനാഥൻമാർക്ക്.........

# പത്രാധിപസമിതി



മുഖ്യ പത്രാധിപർ
മാത്യു. പി.കെ



പത്രാധിപർ
രാജേഷ്. കെ. ആർ



വിദ്യാർഥി പത്രാധിപർ
ദൃശ്യ .എം



സീനിയർ അസിസ്റ്റന്റ്
അരുണ സി.വി



സ്റ്റാഫ് സെക്രട്ടറി
അൻവർഷാ ബാബു



സ്കൂൾ ലീഡർ
മർഫ

# പത്രാധിപസമിതി അംഗങ്ങൾ



സാനിയ.കെ



സ്നേഹ.പി



വിസ്മയ സി



അശ്വന്ത് പി



അനുഗ്രഹ് വി



കീർത്തി.കെ



അഭിജിത്ത് ഡി



കിഷൻ ബി



ഷാനാ ഷംസു



സൗരവ് സാബു



# മുഖമൊഴി

മണ്ണിൽ ഹൃദയഗരിമയുടെ ആകാശം വരയ്ക്കുന്ന നാട്ടും നാവിൽ വിരിയുന്ന അക്ഷരസൂര്യാഭയുള്ള അമ്മമലയാളവും മാനവനെ മാധവനാക്കുന്ന മാനവികതയും ജനതയുടെ സുന്ദരസംസ്കാരത്തിന് വിരൽത്തുമ്പ് നൽകുന്ന ശീലങ്ങളാണ്; പാഠങ്ങളും. സംസ്കൃതിയിലേക്ക് ആഴ്ന്നിറങ്ങുന്ന നാടിന്റെ വേരുകളിൽ ഗ്രാമനൻമകളുടെ തളിരിലകൾ പൂക്കുന്നത് കാണാം, അമ്മിഞ്ഞപാൽ മണമുള്ള  മലയാളത്തിന്റെ ചിലമ്പൊച്ച കേൾക്കാം. മുടപ്പല്ലൂരിന്റെ സാംസ്കാരിക ചിത്രങ്ങൾക്ക് മഴവിൽ നിറങ്ങൾ നൽകി തുടുപ്പിച്ച ഗ്രാമശുദ്ധിയും മാനവികതയും ഈ മണ്ണിൽ സ്നേഹവേരുകൾ പടർത്തുന്ന പാരമ്പര്യത്തിന്റെ പ്രകാശനാളങ്ങളാണ്. കാർഷിക പെരുമയുടെ കേദാരമായ മുടപ്പല്ലൂരിന്റെ ഗ്രാമ ഭൂപടത്തിനുള്ളിൽ നന്മയുടെ ആകാശം നിർമ്മിച്ച് ഹൃദയങ്ങൾ പൂത്തുലയുന്നതും സഹസ്രവീര്യമുള്ള അക്ഷരങ്ങളിൽ മലയാളം ജ്വലിക്കുന്നതും കണ്ട് നമുക്ക് യാത്ര തുടങ്ങാം. അതുവരെ പ്രാർഥനയുടെ ചരടിൽ ഹൃദയങ്ങളെ കോർക്കാം; സ്വപ്നങ്ങൾക്ക് ചിറകുകൾ നൽകാം.

പത്രാധിപർ



മണി എം.കെ
കൈറ്റ് മിസ്ട്രസ്



രാജേഷ് കെ.ആർ
കൈറ്റ് മാസ്റ്റർ



ഗോപീകൃഷ്ണൻ
വിജയശ്രീ കോ- ഓർഡിനേറ്റർ



ഷീന കെ.കെ
S.I.T.C



ഷിജി കെ.എസ്
P.S.I.T.C



സിന്ധു ഇ.ബി
ശ്രദ്ധ കോ-ഓർഡിനേറ്റർ



റീന ടി
NOON FEEDING



ജിൻസി എം
സ്കൗട്ട് മിസ്ട്രസ്



നസ്രത്ത് ഒ.എം
ഗൈഡ്സ് ക്യാപ്റ്റൻ



ആതിര പി, അനശ്രീ സുരേഷ്
USS WINNERS



അനശ്രീ സുരേഷ്
GIFTED STUDENT



അനൂപ്
COVER PAGE DESIGN

# കലാലയ കാഴ്ചകൾ ; നിമിഷചിത്രങ്ങളിലൂടെ










































നാട് ; കാഴ്ചയിൽ തെളിയുന്ന
ദീപവും കർപ്പൂരമണവും
നാടിൻ നൻമ കുടിച്ചുമരിച്ച കുളത്തിൽ
ഭഗവതിമാത്രം പാതിരനോക്കി
നീരാട്ടാടി പായലുമൂടി പാഴ്ച്ചെടി മൂടി
പാലക്കൊമ്പിൻ നിഴലുകൾ മാത്രം
വീണു വിറച്ചു പരുങ്ങും കാഴ്ചകൾ
കണ്ടു നടന്നു ഞാൻ
കടമ്മനിട്ട രാമകൃഷ്ണൻ


കാവതികിൽ കുളമതികിൽ
പാലയുടെ പൂമണവും
ചൂരൽ പിണഞ്ഞൊരു കാവിൽ
നായകിയെൻ ഭഗവതിയും
ഭഗവതിക്ക് പേപ്പിണിയും
പടയണിയും പറകൊട്ടും
മൂടിയരുതെൻ പഴനാട്
മൂടിയരുതെൻ തറവാട്
(കടമ്മനിട്ട രാമകൃഷ്ണൻ)

ലേഖനം

# മുടപ്പല്ലൂർ; ഒരു ഭൂതകാലചിത്രം





ദൃശ്യ. എം
വിദ്യാർഥി പത്രാധിപർ

നൂറ്റാണ്ടുകൾ നീണ്ട പോരാട്ടങ്ങളുടെയും അധിനിവേശങ്ങളുടെയും ചരിത്രമുറങ്ങുന്ന മണ്ണാണ് മുടപ്പല്ലൂർ.ആചാര-അനുഷ്ഠാന-വിശ്വാസങ്ങളും കാർഷികപെരുമയും ഈ മണ്ണിൽ ഇഴപിരിഞ്ഞ് കിടക്കുന്നുണ്ട്. വന ഗാംഭീര്യത്തിൽ നിന്ന് ജനവാസഭൂമികയിലേക്ക് നടന്നെത്തിയ മുടപ്പല്ലൂർ ഗ്രാമനൻമകളുടെ പോറ്റില്ലം കൂടിയാണ്.

മുടപ്പല്ലൂർ എന്ന പേരിന്റെ ഉത്ഭവം എവിടേയും പരാമർശിക്കുന്നില്ല. ഈ പ്രദേശം കേരളപ്പിറവിക്കു മുൻപ് മലബാർ ജില്ലയിലെ പാലക്കാട്- താലൂക്കിൽ ആലത്തൂർ ഫർക്കയിൽപ്പെട്ട പ്രദേശമായിരുന്നു. മലബാർ ജില്ല വിഭജിച്ച് പാലക്കാട് താലൂക്കിനെ പാലക്കാട്ടു ജില്ലയായും ആലത്തൂർ ഫർക്കയെ ആലത്തൂർ താലൂക്കായും നാമകരണം ചെയ്തു. ഇപ്പോൾ നാം ആലത്തൂർ താലൂക്കിലെ മുടപ്പല്ലൂർ അംശം നിവാസികളാണ്.വടക്ക് വീഴുമല,തെക്ക് വടക്കേപ്പുഴ കിഴക്ക് മേലാർക്കോട് പഞ്ചായത്ത്, കരിപ്പാലിപ്പുഴയും കിഴക്കഞ്ചേരി പഞ്ചായത്തും ചേരുന്നതാണ് മുടപ്പല്ലൂരിന്റെ അതിരുകൾ. മൂവായിരത്തോളം വീടുകളും പതിനായിരത്തോളം ജനസംഖ്യയുമുള്ള ഒരു പ്രദേശമാണിത്. ഇവിടെ വ്യത്യസ്ത മതക്കാരും ജാതിവിഭാഗങ്ങളും താമസിച്ചു വരുന്നു. ബ്രാഹ്മണർ തൊട്ട് നായാടിവരെയുള്ള ജാതിവിഭാഗങ്ങൾ ഇവിടെയുണ്ട്.വിദ്യാഭ്യാസ സൗകര്യത്തിനായി രണ്ട് പ്രൈമറി വിദ്യാലയങ്ങളും ഒരു അപ്പർ പ്രൈമറി വിദ്യാലയവും ഒരു സർക്കാർ സ്കൂളും എട്ട് അംഗണവാടികളും ഇവിടെ പ്രവർത്തിച്ചു വരുന്നു. തൊഴിൽ മേഖലയിൽ കാർഷിക വൃത്തിയായിരുന്നു പ്രധാന തൊഴിൽ. എന്നാൽ ഇന്നത് പല മേഖലകളിലും വ്യാപിച്ചിരിക്കുന്നു. നിർമാണജോലികൾ, തോട്ടം തൊഴിലുകൾ, റോഡു പണി എന്നിവയിലേക്ക് വ്യാപിച്ചിരിക്കുന്നു.

കാറ്ററിങ് സർവീസും ബിസിനസും ഉപജോലികളായി മാറിയിരിക്കുന്നു. വൻകിട വ്യവസായശാലകളൊന്നും ഇവിടെ ഇല്ല. എന്നാൽ അഞ്ച് തടി മില്ലുകൾ, റൈസ്മില്ല്, മൂന്നിലധികം എണ്ണയാട്ടുസ്ഥാപനങ്ങൾ , അരി-ധാന്യങ്ങൾ പൊടിക്കുന്ന നാലിലധികം സ്ഥാപനങ്ങളും ഇവിടെയുണ്ട്. മൺപാത്ര വ്യവസായവും പപ്പടനിർമാണവും കുറേ ആളുകളുടെ വ്യവസായമാണ്. കൂടാതെ പ്ലൈവുഡ് ഫാക്ടറികളും ഇവിടെയുണ്ട്. വില്ലേജ് ഒഫീസ്,പഞ്ചായത്തോഫീസ്, വൈദ്യുതി ഒഫീസ്, ദേവസ്വം ഓഫീസ്, പോസ്റ്റ് ഓഫീസ് എന്നീ സർക്കാർ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിച്ചു വരുന്നു. ഗവ:ആയുർവേദ ആശുപത്രി, ഹോമിയോ ഡിസ്പെൻസറി, ഒന്നിലധികം ക്ലിനിക്കുകൾ, രണ്ടിലധി കം പരിശോധനാ ലാബുകൾ തുടങ്ങി ചികിത്സാരംഗം മെച്ചപ്പെടുത്തുന്ന സൗകര്യങ്ങളും ഈ പ്രദേശത്തുണ്ട്. മികച്ച ഒരു പ്രസ്, അക്ഷയകേന്ദ്രം  എന്നിവ ഈ പ്രദേശത്തുണ്ട് ഹിന്ദുക്കളുടേതായി നിരവധി ആരാധനാലയങ്ങളുണ്ടെങ്കിലും ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടതായുള്ളത് അഴിക്കുളങ്ങര



ഭഗവതി ക്ഷേത്രം, മഹാവിഷ്ണു ക്ഷേത്രം, മാത്തുർമാരിയമ്മൻ കോവിൽ ,പന്തപ്പറമ്പ് സുബ്രഹ്മണ്യൻ ക്ഷേത്രം, തണ്ടലോട് ശിവക്ഷേത്രം എന്നിവയാണ്. കൂടാതെ മുസ്ലീം വിഭാഗങ്ങൾക്ക് രണ്ട് പള്ളികളും ഇവിടെയുണ്ട്. ഉത്സവങ്ങളിൽ അഴിക്കുളങ്ങര ഭഗവതിക്ഷേത്രത്തിലെ വേലയുത്സവമാണ് ഏറ്റവും പ്രധാനം. ക്ഷേത്രത്തിൽ നടക്കുന്ന കണ്യാർക്കളിയും ചീർമ്പക്കാവിലെ താലപ്പൊലിയും പ്രധാനമാണ്. മുടപ്പല്ലൂർ കേന്ദ്രമാക്കി ഇല്ലങ്ങൾ പണിത് താമസിച്ചിരുന്ന നമ്പൂതിരിമാർ തിരുത്തോട് ക്ഷേത്രവും മേത്താൻക്കോട് ശിവക്ഷേ ത്രവും പണികഴിപ്പിച്ചതായി പറയപ്പെടുന്നു. മുടപ്പല്ലൂർ പ്രദേശത്തെ ഭൂമികൾ ഭൂരിഭാഗവും നമ്പൂതിരി സമുദായത്തിന്റെ കൈവശം ആയിരുന്നു. ഇവിടുത്തെ ജനങ്ങളധികവും വിദ്യാസമ്പന്നരാണ്.

സ്വകാര്യ- ഗവ: മേഖലകളിലായി നിരവധി പേർ ജോലി ചെയ്യുന്നു. ഡോക്ടർമാർ, വക്കീല ന്മാർ, അധ്യാപകർ, നേഴ്സ്മാർ തുടങ്ങി സ്വതന്ത്ര മേഖലയിൽ ധാരാളം ആളുകൾ പ്രവർത്തി ക്കുന്നു. മതമൈത്രിയോടെയും ഒരുമയോടെയും കഴിയുന്ന ഒരു സംസ്കാരം ഇവിടെയുണ്ട്. ഒരു നല്ല മാർക്കറ്റ് ഈ പ്രദേശത്തുണ്ട്.അതിനെ മുടപ്പല്ലൂരങ്ങാടി എന്ന് പറയുന്നു. ധാരാളം തുണി ക്കടകളും മരുന്നുകടകളും പല ചരക്കുകടകളും ഇരുമ്പ് സിമിന്റ്കടകളും ഇവിടെയുണ്ട്.പൊള്ളാച്ചി, തൃശ്ശൂർ സ്റ്റേറ്റ് ഹൈവേ ഈ പ്രദേശത്ത് കൂടിയാണ് കടന്നു പോകുന്നത്. നിരവധി ഗ്രാമീണ റോഡുകളും ഇവിടെയുണ്ട്. മുട പ്പല്ലൂർ അണക്കപ്പാറ,മുടപ്പല്ലൂർ മംഗലം ഡാം, മുടപ്പല്ലൂർ, പുന്നപ്പാടം, മുടപ്പല്ലൂർ മാത്തൂർ റോഡ് എന്നിവയും ഇവിടെയുണ്ട്. കുടി വെള്ളക്ഷാമ മില്ലാത്ത ഒരു പ്രദേശമാണിത്. ധാരാളം കുഴൽക്കി ണറുകളും പഞ്ചായത്തുവക കുടിവെള്ള പദ്ധതികളും സ്വകാര്യ



കിണറുകളും ഇവിടെയുണ്ട്. വൈദ്യുതീകരിക്കാത്ത ഇടങ്ങൾ ഈ അംശത്തിലില്ല. ആദ്യകാലത്ത് പനമ്പട്ടയും വൈക്കോലും മുളയും ഉപയോഗിച്ചാണ് വീടുകളുടെ മേൽഭാഗം മേഞ്ഞിരുന്നത്. മിക്ക വീടുകളും മൺചുവരുകളായിരുന്നു. വിവാഹം, പൊതുയോഗം എന്നിവ നടക്കുന്നതിന് പര്യാപ്തമായ രണ്ട് മണ്ഡപങ്ങൾ, സ്വകാര്യവ്യക്തികളുടെയും ഒന്ന് പഞ്ചായത്ത് വകയുമാണ്. നെൽക്യഷി പാടങ്ങൾ എത്രക്കുറഞ്ഞാലും ഇന്നും നെൽക്യഷിക്കാണ് പ്രാധാന്യം. റബ്ബർ,വാഴ, തെങ്ങ്, കവുങ്ങ്, മരച്ചീനി എന്നിവയും കൃഷി ചെയ്ത് വരുന്നുണ്ട്. കൃഷിക്കായി പോത്തുണ്ടി,മംഗലഡാം എന്നിവയിലെ വെള്ളം ലഭിക്കുന്നു. പശുവളർത്തൽ ഒരു കുടുംബ വ്യവസായമായി മാറിയിരിക്കുകയാണ്. ഈ പ്രദേശത്ത് ആവശ്യമായ പാലും കയറ്റി അയക്കാനുള്ള പാലും ഇവിടെ ഉൽപ്പാദിപ്പിക്കുന്നു.രണ്ട് പാൽ സൊസൈറ്റികളും ഇവിടെയുണ്ട്. പന്തപ്പറമ്പിൽ നന്നായി പ്രവർത്തിക്കുന്ന ഒരു വായനശാലയുണ്ട്. മാത്തൂർ,പന്തപ്പറമ്പ്, ചക്കാന്തറ എന്നിവിടങ്ങളിൽ റേഷൻകടകൾ സ്ഥാപിച്ച് ഭക്ഷ്യധാന്യങ്ങൾ നല്ല രീതിയിൽ വിതരണം ചെയ്തുവരുന്നു. മാത്തൂരിൽ പഞ്ചായത്ത് വക ഒരു ശ്മശാനവും കരിപ്പാലി പുഴക്കരികിൽ മറ്റൊരു ശ്മശാനവും പ്രവർത്തിക്കുന്നു.

നിലയ്ക്കാത്ത അതിജീവന പോരാട്ടങ്ങളിലൂടെ ഈ മണ്ണിൽ കാലുറപ്പിയ്ക്കാനുള്ള ശ്രമങ്ങളാണ് മുടപ്പല്ലൂരിന്റെ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കാർഷികതയിൽ പടുത്തുയർത്തിയ സംസ്കാരം നമ്മെ ഓർമ്മിപ്പിക്കുന്നത്, നെഞ്ചൂക്ക് കൊണ്ട് പ്രതിബന്ധങ്ങളെ തരണം ചെയ്ത്, മണ്ണിൽ സ്വർണം വിളയിച്ച ഒരു ജനത ഇവിടെ ജീവിച്ചിരുന്നു എന്നാണ്.

**വിദ്യാർഥി പത്രാധിപർ**

കവിത



അമൃത.എസ്

**7B**

## ഭാരതം....മനോഹരം



സ്വർഗത്തേക്കാൾ മനോഹരം
സ്വരങ്ങൾ കോർക്കും മതങ്ങൾ
സ്നേഹസംഗീതം പാടും
ആകാശത്തിലെ വർണ്ണരാജികൾ
എനിക്കുവേണ്ടാ..........
ആഴങ്ങളിൽ വിളയും മുത്തു
മണികളും എനിക്കുവേണ്ടാ....
ഇന്നുനിന്റെ നാനാ ജീവന്റെ
അടങ്ങാത്ത സ്നേഹമേ
എനിക്കു വേണ്ടൂ....
സൃഷ്ടി സ്ഥിതിലയ ജീവിത ഗാഥകൾ
മനുഷ്യ ഗാഥകൾ....
ആഴങ്ങളിൽ വിളയും നിത്യഹരിത
മനോഹര ഭൂവിൻ....
ഇന്നു രാഗതാളലയങ്ങളിൽ
ഒരുപോലെയുണരട്ടെ ജനഹൃദയങ്ങളിൽ

കവിത

# സുന്ദര നാട്



അനഘ.ആർ
6.A

സുന്ദരനാടാണെന്റ കേരളം
കേരങ്ങൾ തിങ്ങുന്ന നാട്....
സുന്ദരമാണെന്റ നാട്
പാറിപ്പറക്കുന്ന കിളിയും,
ആടിക്കളിക്കുന്ന മരവും
കളകളമൊഴുകുന്ന നദിയും.
പൂന്തേനുണ്ണുന്ന വണ്ടും പിന്നെ,
പൂമ്പൊടിവീശുന്ന ശലഭങ്ങളും.
പച്ചവിരിപ്പിട്ട പാടങ്ങളും ഉള്ള നാട്
ദൈവത്തിന്റ സ്വന്തം നാടെന്നു
പുകൾകേട്ട നാടെന്റെ കേരളം..
സുന്ദരമാണെന്റ നാട്
കേരളം ... കേരളം.. കേരളം..
സുന്ദരമാണന്റ കേരളം



കവിത

# മനോഹരമെന്റെ നാട്

എത്ര മനോഹരമെന്റെ നാട്
നന്മകൾ പൂത്തുലയുമെന്റെ നാട്
എത്ര സുന്ദരമാണെന്റെ നാട്
അഴകേറും പുഴകൾ നിറഞ്ഞനാട്
എത്ര സുന്ദരമാണെന്റെ നാട്
പാടങ്ങൾ പട്ടുവിരിച്ചനാട്
എത്ര സുന്ദരമാണെന്റെ നാട്
കേരവൃക്ഷങ്ങൾ നിറഞ്ഞനാട്
എത്ര സുന്ദരമാണെന്റെ നാട്
കാടും മലയും നിറഞ്ഞനാട്
എത്ര സുന്ദരമാണെന്റെ നാട്
ദൈവത്തിൻ സ്വന്തം നാടെന്റെ നാട്
എത്ര സുന്ദരമാണെന്റെ നാട്



ശ്രീലക്ഷ്മി.വി.എസ്
6A



യാത്രാവിവരണം

# വെള്ളച്ചാട്ടത്തിന്റെ മനോഹാരിത





**അശ്വന്ത്. പി**
**9B**

ഞാൻ ആദ്യമായാണ് അതിരപ്പള്ളിവെള്ളച്ചാട്ടം കാണാനായ് പോയത്.വിക്ടോറിയാ വെള്ളച്ചാട്ടത്തിന്റെ അത്ര പോരെങ്കിലും എന്നെ സംബന്ധിച്ചിടത്തോളം രസകരമായ കാഴ്ചയായിരുന്നത്. ഏതു മനസും വിശാലമാക്കുന്ന, ഏതു കണ്ണിനും കുളിർമയേകുന്ന, ഏതു ശരീരവും കോരിത്തരിപ്പിക്കുന്ന കാഴ്ച.അതിരപ്പള്ളി വെള്ളച്ചാട്ടം, ആ പ്രകൃതിസൗന്ദര്യം എന്നെ വല്ലാതെ ആകർഷിച്ചു. നല്ല തണുത്തകാറ്റിൽ ശാന്തമായൊഴുകുന്ന വെള്ളച്ചാട്ടവും ഞാനും പരസ്പരം ഹൃദയങ്ങൾ പങ്കുവച്ച് വേദനകളെ അകറ്റി. സന്തോഷത്തിൽ സ്വയംമറക്കുന്ന നിമിഷം. ഏതൊരാൾക്കും സമാധാനവഴി കാട്ടികൊടുക്കുന്ന കാഴ്ച. വെള്ളച്ചാട്ടം കാണാൻ പോകുന്നവഴി കുറേ വിദേശ സഞ്ചാരികളെ കണ്ടു. ഒരു ടൂറിസമാണീ പ്രദേശം. കുരങ്ങന്മാരും വൃക്ഷങ്ങളും എന്റെ മനസിനെ കാഴ്ച കാണാൻ പ്രോത്സാഹിപ്പിച്ചു. വെള്ളച്ചാട്ടത്തിന്റെ ഈരടിക്കൊപ്പം വൃക്ഷങ്ങളിൽ മാറിമാറി ചാടിക്കളിക്കുന്ന കുരങ്ങന്മാർ.മുളകൾ കൊണ്ട് ആരുടെയോ ഭാവനയിൽ നിർമിതമാക്കിയ ചവിട്ടുപ്പടികളും....എല്ലാം ഒരു മിന്നൽ വേഗത്തിൽ കടന്നു പോയി. ഉടനെ വെള്ളച്ചാട്ടം കാണാനുള്ള ആകാംക്ഷ എന്നിൽ വർധിച്ചിരുന്നു. അതിനടുത്തെത്തിയപ്പോഴേക്കും എന്റെ കണ്ണുകൾ അമ്പരപ്പ് കൊണ്ട് വിടർന്നു പോയി.താഴെ പാറക്കെട്ടുകളിൽ തട്ടിതെറിച്ച് ചെറിയ സൂക്ഷ്മകണങ്ങളായി മാറി അന്തരീക്ഷത്തിൽ പാറിക്കളിക്കുന്ന വെള്ളം. ഞാൻ കുറച്ച് കൂടി മുന്നിലേക്കു കയറിനിന്നു.വെള്ളത്തുള്ളികൾ മിന്നൽ വേഗത്തിൽ എന്റെ മുഖത്തേക്ക് തെറിച്ചു വീണു. അവിടം കൂടുതൽ സന്ദർശിച്ചിരുന്നത് വിദേശിക ളായിരുന്നു. എന്റെ ഫോൺക്യാമറ അവയുടെയെല്ലാം ദൃശ്യങ്ങൾ പകർത്തി. വെള്ളച്ചാട്ടത്തിന്റെ ഈരടികളുടെ പശ്ചാത്തല അകമ്പടിയിൽ കാണുന്ന വീഡിയോ. അതിൽ ഏതോക്കെയോ സന്ദർശകരുടെ ദൃശ്യങ്ങൾ.ഏറെ ഓർമകൾ നൽകുന്ന, ഒട്ടേറെ സന്തോഷം നൽകുന്ന അനുഭൂതിയാണ് അവിടെന്നെനിക്ക് ലഭിച്ചത്. അന്തരീക്ഷത്തിൽ വെള്ളച്ചാട്ടം ആസ്വദിച്ചു കൊണ്ട് ഐസ്ക്രീം കഴിക്കാൻ നല്ലരസമായിരുന്നു. വെള്ളച്ചാട്ടത്തിന്റെ ഈരടി കാതിൽ നിന്നും അകന്നപ്പോൾ മനസും കാതും എന്നോടൊന്ന് പിണങ്ങി. വെള്ളച്ചാട്ടം കാണുമ്പോഴുണ്ടാകുന്ന സന്തോഷവും സമാധാനവും മറ്റെവിടെയും കാണാനാവുന്നില്ല എന്നെനിക്കു ബോധ്യമായി. ഏത്ര മാനസികാസ്വസ്ഥതയും നീക്കുന്ന സുന്ദരകാഴ്ച. അവിടെ നിന്ന് കാഴ്ച അവസാനിച്ച് തിരിച്ചപ്പോൾ കണ്ണുകളിൽ നിന്ന് കൊഴിഞ്ഞ ഇതളുകൾ പോലെ, കാതുകളിൽ കേട്ട് മറന്ന ശബ്ദം പോലെ ഒരു അനുഭവം എന്നിലുണ്ടായി. മനസ് എവിടെയോ മറന്നുവച്ച കാഴ്ചകൾ തുടരാൻ ആഗ്രഹിച്ചുകൊണ്ട്.... തിരികെ വീട്ടിലെത്തിയപ്പോൾ ഞാൻ ആലോചിച്ചു ,ഈ കാഴ്ച എന്റെ കൂട്ടുകാർക്കൊപ്പമായിരുന്നെങ്കിൽ..എണ്ണിയാൽ തീരാത്ത നക്ഷത്രങ്ങളെ പോലെ എന്റെ ആശകൾ തുടർന്നു....

കവിത

അനന്യ .ആർ
4A

# നിത്യ മനോഹരനാട്



നീളെ നീളെ വിടർന്നൊഴുകും-
നിത്യമനോഹരിയെന്റെ നാട്
നിത്യവും പൂക്കൾ വിടർന്നുവിലസും
നിത്യസൗഭാഗ്യം  നിറഞ്ഞനാട്
പുകൾപെറ്റ  വഞ്ചിപ്പാട്ടിന്റെ ഈരടി
പൂങ്കാറ്റിലോടിവരുന്ന നാട്
പൂങ്കുയിൽ പാടിപ്പാറന്നുനടക്കും
പൂമ്പാറ്റ പാറിവരുന്ന നാട്
തെങ്ങുകളെങ്ങും നിറഞ്ഞുനിന്ന്
തലയാട്ടി താലോലമാടും നാട്
സത്യവും നീതിയും തുല്യതപാലിക്കും
ഐശ്വര്യദേവിയാണെന്റെ നാട്

പഞ്ചഭൂതങ്ങളേ, നിങ്ങളീ നാടിന്റെ
നൻമയ്ക്കൊരൽപം കനിഞ്ഞലഞ്ഞീടണേ
മുറ്റിത്തഴയ്ക്കാൻ തുടങ്ങുന്നതിൻ മുൻപു
രക്തത്തിൽ മുങ്ങിയൊടുങ്ങുവാൻ മാത്രമായ്
മർത്ത്യരൂപത്തിലീ നാടിന്റെ പള്ളയിൽ
പുത്തനായൊന്നും മുളക്കാതിരിക്കണേ

ജി.കുമാരപ്പിള്ള

കവിത

# കേരളമെന്തെന്ന ചൊല്ലിടുമ്പോൾ





ഭാവന.ബി
**9.A**

അക്ഷരത്താളുകളിൽ മൂന്നക്ഷരം
കൊണ്ടെഴുതുന്നതാവരുത് കേരളം
വയലേലകൾ തിങ്ങി,കാവുകൾ തിങ്ങി...
പച്ചിലക്കാട്ടുകൾ തിങ്ങിവിങ്ങി...
അരുവികൾ പാടുന്ന താളത്തിലാടുന്ന
മുല്ലചെടിയിതാ ഉരുവിടുന്നൂ...
കേരളമെന്തെന്ന ചൊല്ലിടുന്നൂ
നെന്മണികൊത്തി  പറന്നിടും തത്തകൾ
കൂടിൻ ദിക്കുനോക്കി പറന്നിടുമ്പോൾ
വയലേലകൾ പുഞ്ചിരിതൂകികൊണ്ടാ-
ദിക്കിനെ നോക്കി നിന്നിടുന്നു
കാട്ടരുവി ഒഴുകുന്ന മലയുടെ മുകളിൽനിന്നു
കണ്ണെത്തി നോക്കുന്ന പൂമരങ്ങൾ
അരുവിയുടെ തീരത്തു നിന്നതാ പാടുന്ന
കുയിലിന്റെ മധുരമാം ശബ്ദരാഗം.

ലേഖനം

# പ്രകൃതി



**ആര്യ ദിനേഷ്**
**7A**

പ്രകൃതി അത് ദൈവത്തിന്റെ വരദാനമാണ്.പച്ചപ്പട്ടു വിരിച്ചതു പോലെയുള്ള നെൽപ്പാടങ്ങൾ, തിങ്ങിനിറഞ്ഞു നിൽക്കുന്ന മരങ്ങൾ, ഇങ്ങനെ ഒട്ടേറെ മനേഹര കാഴ്ചകളാൽ ഒരുക്കപ്പെട്ടതാണ് പ്രകൃതി. എന്നാൽ ഇന്നെത്ത പ്രകൃതിയുടെ അവസ്ഥ വ്യത്യസ്തമാണ്. എല്ലാവരും ഇന്ന് തിരക്കിലാണ്. വനനശീകരണം നടത്തി പ്രകൃതിയെ ചൂഷണം ചെയ്യുന്നു. പ്രകൃതിക്ക് എന്തു തന്നെ സംഭവിച്ചാലും എനിക്കൊന്നുമില്ല എന്ന ഭാവമാണ് എല്ലാവർക്കും.പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ മനുഷ്യ ജീവന് ഹാനിവരെ സംഭവിക്കാൻ കാരണമാകുമെന്നറിഞ്ഞിട്ടും മനുഷ്യൻ അതുപേക്ഷിക്കാൻ തയ്യാറാകുന്നില്ല. പ്രകൃതിയെ അമിതമയി ചൂഷണം ചെയ്യുന്നതിന്റെഫലമായി നമ്മൾ ഹാപ്രളയത്തെ അഭിമുഖീകരിക്കേണ്ടി വന്നു.

പ്രകൃതിയെ സംരക്ഷിക്കണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു. രാസകീടനാശിനികളുടെ ഗന്ധംപേറുന്നവായുവും,ജലവും,മണ്ണും എല്ലാം വരുംതലമുറയ്ക്കാ യി നാംകൈമാറേണ്ടതുണ്ട്. കിളികളുടെ ചിലയ്ക്കലും  ഇളം കാറ്റിന്റെ ശീതളിമയും മഞ്ഞുതുള്ളിയുടെ ഭംഗിയും മഴയുടെ തണുപ്പും നമുക്കും വരും തലമുറകൾക്കും അവകാശപ്പെട്ടതാണ്.ആ ബോധ്യത്തോടെ നമ്മുക്കു നമ്മുടെ പ്രകൃതിയെ സംരക്ഷിക്കാം.ഭാവിയിലേക്കുള്ള വളർച്ചയ്ക്കായി, പുതിയ തലമുറയുടെ നന്മയ്ക്കായ് ശാന്തസുന്ദരമായ ഒരു പ്രകൃതിക്കായി നമുക്ക് ഒരുമിക്കാം.





സഞ്ജീവ്നാഥ്
7.A

# എന്റെ നാട്

ഹരിതവർണ്ണം ചാർത്തിയ നിന്നെ
മഹാകവികൾ വർണ്ണിക്കുന്ന
നാനാനദികൾ പൊൻമാലയായ്
നാനാവർണപ്പൂക്കൾ ചാർത്തിയ നിന്നെ
പുരാതന കഥകളിൽ രചിക്കപ്പെട്ട
ദൈവത്തിന്റ സ്വന്തം നാട്
ആഘോഷങ്ങൾ നിറഞ്ഞ നാട്
മാവേലിയുടെ സ്വന്തം ഓണവും
കണികാണാനായി വിഷുവും
മാമമലകൾ ചാർത്തിയ നിന്നെ
മലയാളികൾക്കെന്നും അഭിമാനം.





അനഘ. എ
6A



# എന്റെ നാട് സുന്ദര നാട്

എന്റെ നാട് സുന്ദര നാട്
ദൈവത്തിന്റെ സ്വന്തം നാട്
ആടിക്കളിക്കുന്ന കേരങ്ങളും
പാറികളിക്കുന്ന പക്ഷികളും
പൂവിന്റെ തേൻ നുകരുന്ന
ശലഭങ്ങളും പൊൻ വണ്ടുകളും
തുള്ളി പെയ്യുന്ന മഴയും
തുള്ളിച്ചാടുന്ന മീനുകളും
പച്ചവിരിച്ച പാടങ്ങളും
പാറിപറക്കുന്ന കുയിലുകളും
നാൽപ്പത്തിനാല് നദികളും
കളകളമൊഴുകുന്ന എന്റെ നാട്
എന്റെ നാട് സുന്ദര നാട്
ശലഭങ്ങൾ പാറുന്ന സുന്ദര നാട്

കവിത



ഷാനാ ഷംസു
**9A**

# നാടിന്റെ നാൾവഴി

നാടിന്റെ നാൾവഴി കാണുമോരോർമയിൽ
ഓർമ്മകൾ പങ്കിട്ട വീട്.........
കുട്ടിക്കലാശവും സ്നേഹവും പങ്കിട്ട
നല്ലോരു നാൾ......
പതറാതെ തളരാതെ പിന്നിട്ട
നാളുകൾ ഒട്ടേറയുണ്ടോർമ്മകളിൽ......
ഓടിയും ചാടിയും നീന്തിയുമങ്ങനെ
തിമിർത്തു നടന്നൊരു കാലം......
കാടായ കാടൊക്കെ കേറിനടന്നൊരു
സന്തോഷമുള്ളൊരു നേരം
കുട്ടിക്കുറുമ്പന്മാർ വമ്പന്മാർ അങ്ങനെ
ഒട്ടേറയുള്ളൊരു നാട്.......
കലപില ശബ്ദമുയൊർന്നൊരു നാട്ടിൽ
ആർപ്പുവിളികളുമേറെ...
ആഘോഷമൊഴിഞ്ഞുള്ള കാലമില്ലാത്തൊരു
നാടാണ് എന്റെ നാട്...



യാത്രാവിവരണം

# എന്റെയാത്ര



ശ്രുതി.എസ്
8.B



ഞാൻ എന്നും ഓർക്കുന്ന ഒരു യാത്രയായിരുന്നു പാലക്കാട് കോട്ടയിലേക്കുള്ള യാത്ര.ഞാൻ വളരെ ആസ്വദിച്ച പോയ ഒരു യാത്രയായിരുന്നു അത്. ഞാൻ ആറാം ക്ലാസിൽ പഠിക്കുമ്പോൾ എന്റെ സുഹൃത്തുകളോടൊപ്പവും ടീച്ചറോടൊപ്പവുമായിരുന്നു ആ യാത്ര. ഞങ്ങൾ കാലത്ത് തന്നെ പാലക്കാട് കോട്ടയിലെത്തി. അവിടെ ഒരു പ്രശസ്തമായ ഹനുമാന്റെ അമ്പലമുണ്ട് ഞങ്ങൾ രാവിലെ തന്നെ അവിടെ എത്തിയതുകൊണ്ട് ആദ്യം അമ്പലത്തിൽപോയി പ്രാർത്ഥിച്ചു. അതിനുശേഷം ഉച്ചവരെ അവിടെ മുഴുവനും ചുറ്റികണ്ടു. ഞങ്ങൾ കൂട്ടുകാരെല്ലാം കൈ കോർത്ത് നടക്കുകയായിരുന്നു. ശത്രുക്കളിൽ നിന്ന് രക്ഷനേടാൻ ഹൈദരാലി പണികഴിപ്പിച്ച കോട്ടയും കിടങ്ങും ഏറെ ആകർഷകമായിരുന്നു. കോട്ടയ്ക്ക് വെളിയിലായി മനോഹരമായൊരു പൂന്തോട്ടമുണ്ടായിരുന്നു.പല നിറമുള്ള, മണമുള്ള സുന്ദരമായ പൂക്കൾ. ഉച്ചയായപ്പോൾ ഞങ്ങൾ അവിടെ ഒരു തണലിൽ ഇരുന്ന് ഭക്ഷണം കഴിച്ചു. അതിനുശേഷം പാർക്കിൽ കളിക്കുകയായിരുന്നു.വൈകുന്നേരം നാലുമണിയോടെ വീട്ടിൽ എത്തി.

കവിത

# വയൽ



സരീഷ്മ.ആർ
4.A



കുളവും തോടും
കുളിർചോലകളും
കളകളമൊഴുകും അരുവികളും
കാറ്റിൻ പാട്ടിനു കാതോർത്തീടും
പൂക്കളുമുള്ളൊരു മലനാട്
കാടും മേടും കതിരണിവയലും
അണിയണി നിൽക്കും തെങ്ങുകളും
പക്ഷികൾ പാടും പൂന്തോപ്പുകളും
എത്ര മനോഹരമെൻ നാട്!

ലേഖനം





ഉഷസ്സ്.പി.എസ്
8B

# പാലക്കാടൻ വിശേഷങ്ങൾ

എന്റെ നാട് പാലക്കാട്. 1957 ജനുവരി 1നാണ് പാലക്കാട് രൂപം കൊണ്ടത്. ഞാൻ ഈ നാട്ടിൽ വളർന്നതിൽ അഭിമാനിക്കുന്നു.കേരളത്തിലെ ഏറ്റവും വലിയ ജില്ലയാണ് പാലക്കാട്. നിശബ്ദയുടെ താഴ്വര എന്നറിയപ്പെടുന്ന സൈലന്റ് വാലി കേരളത്തിലെ പാലക്കാട് ജില്ലയിലാണ് സ്ഥിതി ചെയ്യുന്നത്. പാലക്കാടിലെ പേരു കേട്ട കോട്ടയാണ് ടിപ്പു സുൽത്താൻ കോട്ട. ഈ കോട്ട നിർമ്മിച്ചത് ടിപ്പു സുൽത്താന്റെ അച്ഛനായ ഹൈദരാലിയാണ്.ടിപ്പു സുൽത്താന്റെ ഒളിത്താവളം കൂടിയാണിത്.നെല്ലാണ് പാലക്കാടിൽ കൂടുതലായി കൃഷി ചെയ്യുന്നത്. പച്ചപ്പും പച്ചനിറവും കൂടുതലായി കാണപ്പെടുന്നത് പാലക്കാടിലാണ്. പാലക്കാട്ടിൽ ഒരു പ്രത്യേകതരം ഭാഷയാണ്. പൂറൈനാട് എന്നാണ് പണ്ടുള്ള കാലത്ത് പാലക്കാടിന്റെപേര്.2006 ലാണ് പാലക്കാടിന് ഏറ്റവും വലിയ ജില്ല എന്ന പദവി ലഭിച്ചത്. പാലക്കാടിലെ ഏറ്റവും വലിയ നദി ഭാരതപ്പുഴയാണ്. ഏറ്റവും വലിയ ഡാം മലമ്പുഴ ഡാം ആണ്. മലമ്പുഴ ഡാം ഒരു ടൂറിസ്റ്റ് കേന്ദ്രം കൂടിയാണ്. കരിമ്പനകളുടെ നാട് എന്നും പാലക്കാടിന് പേരുണ്ട്. ഇത്രയും സവിശേഷതകളുള്ളതാണ് എന്റെ പാലക്കാട്.

കവിത

# റിപ്പബ്ളിക് ദിനം



നേഘ.എം
4.A

ഇനിയുമിനിയും ഉയരട്ടെ
ഭാരതനാട്ടിൻ കൊടികൾ
ഉയർന്നുയർന്നു പാറട്ടെ
മൂന്നുവർണ്ണക്കൊടികൾ



ഭാരതമണ്ണിൽ പിറന്ന സത്യം
ഉലകം കാണട്ടെ
ഈ നാട്ടിൽ ഉറച്ച ശബ്ദം
ഉലകം കേൾക്കട്ടേ

മുകിലുകളേ വഴിമാറുക
അതിരുകളേ മാറിനിൽക്കുക
ജനാധിപത്യമുയർത്തും കൊടികൾ
ഉയർന്നു പാറട്ടെ

പ്രകാശം

യാത്രാവിവരണം






ശ്രീജി.എം
**8.B**

# തൃശ്ശൂർ മൃഗശാലയിലേക്ക്

കഴിഞ്ഞ ഓണ അവധിക്ക് കുടുംബത്തോടൊപ്പം ആദ്യമായി തൃശ്ശൂർ മൃഗശാല കാണാൻപോയ ഒരു മനോഹര അനുഭവമാണ് എനിക്ക് പങ്കുവെക്കാനുള്ളത്. എന്റെ ആദ്യ അനുഭവമായതിനാൽ തന്നെ ഒരുപാട് സന്തോഷം നിറഞ്ഞ നിമിഷമായിരുന്നു അത്. ആദ്യമായാണ് ഒരു മൃഗശാല സന്ദർശിക്കുന്നത്. ടിക്കറ്റ് എടുത്ത് ഉള്ളിൽ കയറി ആദ്യം കണ്ടത് പാമ്പുകളെയായിരുന്നു. അതു കഴിഞ്ഞ് കണ്ടത് ഒട്ടകപക്ഷിയേയും തത്തമ്മയേയും മുയലിനേയും മയിലിനേയും ആമയേയും മീനുകളേയും ആയിരുന്നു. ഒരുമിച്ച് ഒന്നിലധികം മൃഗങ്ങളെ കാണാൻ കഴിഞ്ഞത് വലിയൊരു അനുഭൂതി എന്നിൽ വളർത്തി. മനുഷ്യർ മനുഷ്യരായ് മാറണമെങ്കിൽ പ്രകൃതിയിലെ ജീവജാലങ്ങളെ അറിയണം പ്രകൃതിയെയറിയണം. അതിനായി ഇങ്ങനെയുള്ള മൃഗശാലകൾ നമ്മെ സഹായിക്കും

കവിത

# നാടിന്റെ ഭംഗി



രാധിക. ആർ
8A



സ്നേഹമാണെനിക്ക്.......
പ്രകൃതിയിലെ ഓരോ ജീവനേയും.
എന്റെ ഹൃദയത്തിലാണീ നാട്
പ്രാണജലം പോലും പകർന്നിടാത്ത
മാനവരെ ഞാൻ വെറുക്കുന്നു
നാടിന്റെ ശോഭ നിറഞ്ഞു നിൽക്കുന്ന
എന്റെ നാടിനെ ഞാൻ ഓർത്തിടുന്നു
ഇന്ന് വനമില്ല തൊടിയില്ല
എല്ലാം വിലക്കുവാങ്ങീടുന്നു
കലയും കഥയും നിറഞ്ഞുതുളുമ്പുന്ന
കേരളമണ്ണാം പുണ്യമേ, ഇത്
കുഞ്ചൻ നമ്പ്യാർ ജനിച്ച നാട്....

മലയരികിൽ വയലരികിൽ
അരുവിയുടെ തരിതരിപ്പും
കാവരികിൽ കുളമരികിൽ
പാലയുടെ പൂമണവും
ചൂരൽ പിണഞ്ഞൊരു കാവിൽ
നായകിയെൻ ഭഗവതിയും
ഭഗവതിക്ക് പേപ്പിണിയും
പടയണിയും പറകൊട്ടും
മുടിയരുതെൻ പഴനാട്
മുടിയരുതെൻ തറവാട്

(ഒരു പാട്ട്) (കടമ്മനിട്ട)

കവിത

# അമ്മയാം പ്രകൃതി



സന്ധ്യ.ആർ

**6A**

എന്റമ്മയാണീ പ്രകൃതി

സ്വപ്നമായ് നിത്യം പുലർത്തുമെൻ

അമ്മയായ്, സ്നേഹമായ്

കത്തിജ്വലിക്കുന്ന സൂര്യപ്രകാശമായ്,

കാനനചോലയായ് പാടമായ് കുന്നായ്

മലയായ് വനമായ് നിറഞ്ഞു പടരുന്ന

സൗന്ദര്യമാണീ പ്രകൃതി.

ഋതുമാറ്റത്തിൽ പുതുകാലഭംഗിയായ്,

മഴയും വെയിലും ഉലഞ്ഞാടുന്ന,

മഴവില്ല് സപ്തനിറത്താൽ പീലി

വിടർത്തുന്ന നിറഭംഗിയേ,

നിത്യസൗന്ദര്യമേ ,തായേ

പ്രകൃതിയേ.......






മാതൃഭാഷ;
അമ്മസ്നേഹത്തിന്റെ
സൂര്യപ്രകാശം
ഓലയും നാരായവും കാഞ്ഞിരത്തിന്റെ
ചോലയിൽ വച്ചു നമിച്ചു തിരിഞ്ഞൊരാൾ
ആദിത്യനേത്രം തുറന്നു ചോദിക്കുന്നു
ഏതു കടലിൽ എറിഞ്ഞു നീ ഭാഷയെ
കരീപ്പുഴ ശ്രീകുമാർ

കാവ്യക്കരുക്കളിൽ താരാട്ടുപാട്ടിന്റെ
ഈണച്ചതിച്ചേലറിഞ്ഞു ചിരിച്ചൊരാൾ
ഞെട്ടിത്തെറിച്ചു തകർന്നു ചോദിക്കുന്നു
വിറ്റുവോ നീ എന്റെ
ജീവിതഭാഷയെ?......
ചിഞ്ചിലം നിന്നു ചിലങ്കകളൂരിട്ടു
നെഞ്ചത്തു കൈവച്ചു
ചോദിക്കയാണൊരാൾ
ചുട്ടുവോ നീ എന്റെ കേരളഭാഷയെ

(കുരീപ്പുഴ ശ്രീകുമാർ)



കവിത



സാനിയ.കെ
9.B

# മാതൃഭാഷ



ഈരേഴു ലോകത്തിലെങ്ങും പുകൾകേട്ട
ലാളിത്യഭാഷയെൻ മാതൃഭാഷ.
നന്മതൻ വാക്കാൽ ശ്രീത്വം വിരിയുന്ന
പൂന്തേൻ നുകരുമെൻ മാതൃഭാഷ.
കാറ്റും മഴയും വെയിലും മഞ്ഞും
വർണ്ണനയാകുന്ന രമ്യഭാഷ
ചന്ദ്രനും സൂര്യനും മീതെ ജ്വലിക്കുന്ന
സൗന്ദര്യജ്വാലയാണെന്റെ ഭാഷ
കിളിയുടെ മാധുര്യസൗമ്യമാം ഗാനത്തിലും
പൂവിതൾ വിരിയുന്ന ഗന്ധത്തിലും
പുഴയുടെ കളകളനാദത്തിലും
സൂര്യാഭയായ് പടരുന്ന മാതൃഭാഷ
ഇന്നീ മലയാളിമക്കളെല്ലാം
മറക്കുന്നുവോ ഈ നന്മഭാഷ
തിന്മകൾ മായ്ക്കുന്ന നന്മകൾ പൂക്കുന്ന
അറിവിന്റെ കോവിലാണെന്റെ ഭാഷ

**ആരല്ലെൻ ഗുരുനാഥ-**
**രാരല്ലെൻ ഗുരുനാഥർ?**
**പാരിതിലെല്ലാമെന്നെ-**
**പ്പഠിപ്പിക്കുന്നുണ്ടെന്തോ?**

**ഒളപ്പമണ്ണ**

കവിത





അശ്വതി .പി
9A

# അണയാതെ വെളിച്ചമേ......

അമ്മയാം മലയളഭാഷയെ ഞാൻ നമിക്കയായ്
നിന്നരുൾ കയ്യിലെ വീണയായ് നാദമായ്
എന്നും തിളങ്ങുക എന്നുള്ളിൽ നീ
കേളികൊട്ടുയരുന്ന കേരള മണ്ണിലെ
ഭാഷയാം നാദമായ് വന്നിടു നീ
എന്നുമെൻ ഉള്ളിൽ തെളിയും വിളക്കായ്
അണയാതെ നിന്നെ ഞാൻ നോക്കിടുന്നു
കാരുണ്യവാരിധേ, എൻ കണ്ണിൽ നിൻ
വെളിച്ചം, പ്രകാശമായ് നിന്നിടുമ്പോൾ
കാറ്റിൽ അണയാതെ കാത്തിടുംഞാൻ.

**എൻ മകനേതു വിദേശത്ത് വാഴ്കിലും**
**നിൻ മനക്കാമ്പിലീയോർമ്മ വേണം**
**നിന്നുടെ ഭാഷതാൻ നിൻ തറവാട്ടമ്മ**
**അന്യയാം ഭാഷ വിരുന്നുകാരി.**

**വള്ളത്തോൾ**

കവിത






സ്നേഹ പി
9B

# മാതൃഭാഷ

മലയാളമാണെന്റെ  മാതൃഭാഷ
മനസ്സിൽ തെളിയുന്ന ആദ്യഭാഷ
വാത്സല്യ തേനൂട്ടിതന്ന ഭാഷ
ആദ്യമായ് നാവിൽ ഉതിർന്നവാക്ക്
അമ്മപഠിപ്പിച്ച നന്മവാക്ക്
എന്നുമെൻ ഓർമ്മതൻ പൂമുഖത്ത്
വിരിയുന്ന പുഷ്പമാണെൻ മാതൃഭാഷ.
വെൺചന്ദ്രനെക്കാളും
പൊൻസൂര്യനെക്കാളും
ശോഭിച്ചു നിൽപ്പതാണീ കൈരളി
എന്റെ സ്വപ്നങ്ങൾ പൂത്തതും
വാക്കുകൾചെയ്തതും
നാവിലെ കൈത്തിരി ഊതിതെളിച്ചതും,
ഈ കൈരളി.

ലേഖനം






**ദൃശ്യ.എം**
**9A**

## മലയാളം

കേരളമെന്ന നമ്മുടെ മലയാള നാടിന്റെ മാതൃഭാഷയാണ് മലയാളം. ജനനം മുതൽ നാം അറിഞ്ഞതും ചിന്തിച്ചതും എല്ലാം നമ്മുടെ സ്വന്തം മലയാള ഭാഷ യാണ്. എന്നാൽ വിദേഷഭാഷ കളോ ടുള്ള ആഭിമുഖ്യവും അഭിമാനബോധവും മൂലം നാം നമ്മുടെ മാതൃഭാഷയെ തിരസ്കരിക്കുകയും ഇംഗ്ലീഷ് പോലുള്ള ഭാഷകൾക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്നു. കേവലം ആശയവിനിമയ ഉപാധിയെന്ന നിലയിൽ മാത്രം മലയാളത്തെ കണക്കാക്കിയും ഇംഗ്ലീഷ് സംസാരിക്കുന്നത് സ്റ്റാറ്റസിന്റെ അടയാളമായി കരുതുന്ന ഒരു സമൂഹമാണിത്.

മലയാളഭാഷയെ നാം ഇന്ന് വേണ്ടപോലെ പരിഗണിക്കുന്നില്ല, നാം ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതുമെല്ലാം ആർഭാടമായാണ്, അവിടെ നാം മനുഷ്യർ മാതൃഭാഷയായ മലയാളത്തിന് പ്രാധാന്യം നൽകാൻ ആഗ്രഹിക്കുന്നില്ല.നാം ഭാഷയെ തിരിച്ചറിയാനോ അതിന്റെ മഹത്വം മനസ്സിലാക്കാനോ ശ്രമിക്കുന്നില്ല.മലയാള ഭാഷയുടെ ഇന്നത്തെ പ്രാധാന്യമില്ലായ്മ കണക്കിലെടുത്ത് ഭാഷയെ സംരക്ഷിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങൾ ഭരണതലത്തിൽ നിന്നുതന്നെ ഉണ്ടാവുന്നുണ്ട്. 2013 മെയ് 23-ന് മലയാളം ശ്രേഷ്ഠഭാഷാപദവിയിലേക്ക് ഉയർത്തപ്പെടുകയും 2012നവംബർ 1 മുതൽ മലയാളം ഭരണഭാഷയായി മാറ്റപ്പെടുകയും ചെയ്തു. കൂടാതെ മലപ്പുറത്തെ തിരൂരിൽ 2012 നവംബർ 1- ന് മലയാളസർവകലാശാല ആരംഭിക്കുകയും ചെയ്തു.എങ്കിലും മലയാളിയുടെ മനസ്സിൽ മലയാളത്തിന് വേണ്ട പ്രാധാന്യം ലഭിക്കാതെ ഈ പ്രവർത്തനങ്ങളൊന്നും വേണ്ട ഫലം നേടുകയിയില്ല.നാം മലയാളികളോരോരുത്തരും മനസ്സിലാക്കേണ്ടതാണ് മലയാളഭാഷയുടെ പ്രാധ്യാനത്തെ .........ആ പവിത്രമായ ഭാഷയെ നാം ഇന്ന് അവഗണിക്കുകയാണ് ചെയ്യുന്നത്.അതിനു പകരം ആ ഭാഷയ്ക്ക് നാം വേണ്ടത്ര പ്രാധാന്യം നൽകേണ്ടതുണ്ട്.ഒരു കുഞ്ഞു ജനിക്കും മുതൽ ചിന്തിക്കുന്നതും അറിയുന്നതെല്ലാം നമ്മുടെ മാതൃഭാഷയി

ലൂടെയാണ്,ചിന്തിക്കുന്ന രീതി ത ന്നെ തെറ്റാണ്
മലയാളം സംസാ രിക്കുന്നത് ഒരു അഭിമാനമായി
കാ ണാൻ തുടങ്ങി നാം മലയാളികൾ. എന്നാൽ ഇംഗ്ലീഷ്
സംസാരിച്ചാൽ അത് സ്റ്റാറ്റസിന്റെ അടയാളമാണെന്നും
അത് മറ്റുള്ളവർക്കു മുന്നിൽ ഒരു പരിഷ്കാരമായി കാണാനു
മാണ് ഇന്നത്തെ ഈ ജനത ആശിക്കുന്നത്.നാം ഏവരും
തിരിച്ചറിയേണ്ടതാണ് മലയാളം നമ്മുടെ അമ്മ ഭാഷയാണെ
ന്ന്. വള്ളത്തോൾ സാഹിത്യമഞ്ജരിയിൽ പറയുന്ന പോലെ

"മറ്റുള്ളഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്ന് പെറ്റമ്മ തൻഭാഷ താൻ"

ഇങ്ങനെ മലയാളം അമ്മ ഭാഷയാണെന്നും നമ്മുടെ ചിന്തയു
ടേയും ബുദ്ധിയുടേയും ഭാഷയാണെന്നും നാം തിരിച്ചറിയേണ്ട
ുണ്ട്.അമ്മ ഭാഷയായ ഈ മലയാളത്തെ നാം ഏറെ പ്രാധാ
ന്യത്തോടെ സ്നേഹിക്കേണ്ടിയിരിക്കുന്നു.

ജനിക്കും നാൾ തൊട്ടെൻ മക-
നിംഗ്ലീഷ് പഠിക്കണം
അതിനായി ഭാര്യതൻ പേറ-
ങ്ങിംഗ്ലണ്ടിലാക്കി ഞാൻ.

(കുഞ്ഞുണ്ണി മാഷ്)

കവിത



# ഒരു ദിവസം

നഗരമായി മാറിയ നാട്ടിൻ പുറത്തെ റോഡ്
കേബിളുകൾ നന്നാക്കാൻ കുഴിച്ചപ്പോൾ
പണിക്കാരന് ഒരു സ്ലേറ്റുകഷണം കിട്ടി
.അതിൽ 'ക' എന്നെഴുതിയിരുന്നു
എഴുത്തെന്തെന്നറിയാൻ അയാൾ
നഗരത്തിലെ ഏറ്റവും പ്രായം ചെന്ന
.കാരണവരെ കാണിച്ചു
എന്തോ ഓർത്തതുപോലെ അയാൾ
പഴയൊരു പെട്ടിക്കിടയിൽ കിടന്ന
അദ്ധ്യാത്മരാമായണം പൊടിതട്ടിയെടുത്തു
പറഞ്ഞു വീട്ടിന്നു തറയെടുക്കാൻ
കുഴിച്ചപ്പോൾ
മുത്തശ്ശനു കിട്ടിയ പുസ്തകത്തിൽ
ഇങ്ങനെയെന്തോ കണ്ടിട്ടുണ്ട്
എനിക്ക് വായിക്കാനറിയില്ല
ആളുകൾ വട്ടം കൂടിയിരുന്ന്
രാമായണത്തിൽ പരതി
അതിൽ പലയിടത്തും അവർ ആ അക്ഷരം
കണ്ടു
കൂട്ടത്തിലുണ്ടായിരുന്ന ഒരധ്യാപകൻ
പറഞ്ഞു, പണ്ടു പണ്ട്

മലയാളം എന്ന ഒരു വട്ടെഴുത്തു ഭാഷയുണ്ടായിരുന്നു
ആ ഭാഷയിലെ 'ക' ആണ് ഇത്
പിന്നെപ്പിന്നെ ആ ഭാഷ
ആരും എഴുതാതായി,പിന്നെ സംസാരിക്കാതായി
അതു പഠിച്ച ചിലർ പട്ടിണിയിൽ മരിച്ചു.
ഒരു കാലത്ത് ആ ഭാഷയിൽ
ജാതകവും പഞ്ചാംഗവും മാത്രമല്ല ,
കഥയും കവിതയുമൊക്കെ ഉണ്ടായിരുന്നത്രെ
ഇപ്പോൾ അതു വായിക്കാനറിയാവുന്നവരാരുമില്ല
അതിലെ ചില വാക്കുകൾ മാത്രം
നമ്മുടെ ഭാഷയായ ഇംഗ്ലീഷിൽ കയറിക്കൂടി
മരണത്തെ അതിജീവിച്ചു.
പനയോലകളിൽ അക്ഷരങ്ങളുടെ കിരുകിരുപ്പുണർത്തി
ഒരു കാറ്റു വീശി
വറ്റിയമർന്ന നിളയുടെ മണൽത്തരികൾ
എന്തോ ഓർത്തു തരിച്ചു
മഴ മാത്രം കൃഷ്ണ ഗാഥ പാടിക്കൊണ്ടേയിരുന്നു.

**സച്ചിദാനന്ദൻ**

**പുല്ലു, പൂവുകൾ, പുഷ്പകാലം, കണി-**
**ക്കൊന്ന, കൂവളം, തേൻമാവ്, മാമ്പഴം**
**എല്ലാമെത്ര മനോജ്ഞമാം വാക്കുകൾ**
**കല്ലുപോലുമലിയുമനുഭവം**
**കടമ്മനിട്ട രാമകൃഷ്ണൻ**



വാക്കുകളേ! പറന്നെത്തുവിൻ
പച്ചയും മഞ്ഞയും ചോപ്പും
കറുപ്പും നിറങ്ങളിൽ
കയ്പ്പും ചവർപ്പുമിനിപ്പും പുളിപ്പും
കലർന്നു മൊഴികളിൽ



# മാനവികത;
# ഹൃദയം പവിത്രീകരിക്കുന്ന തീർഥജലം

സ്നേഹമേ നിൻ
ചിലമ്പണിയാതെയെങ്ങനെ
കടലേഴു തിരകളാൽ കഥകളാടും.
ഹൃദയമേ നീ
പുണർന്നീ നിഴൽക്കത്തിനെ
നിറജീവ ദീപമായ് ദീപ്തമാക്കു.





ചൂടാതെ പോയ് നീ,നിനക്കായ് ഞാൻ  ചോര
ചാറി ചുവപ്പിച്ചോരെൻ പനീർപ്പൂവുകൾ
കാണാതെ പോയ് നീ, നിനക്കായ് ഞാനെന്റെ
പ്രാണന്റെ പിന്നിൽ കുറിച്ചിട്ട വാക്കുകൾ
ഒന്നു തൊടാതെ പോയ്,വിരൽത്തുമ്പിനാൽ
ഇന്നും നിനക്കായ്ത്തുടിക്കുമെൻ തന്ത്രികൾ

ബാലചന്ദ്രൻ ചുള്ളിക്കാട്

കവിത

# അമ്മ





**ഗോപീകൃഷ്ണൻ**

പുലർകാലെ മിഴിതുറന്നഴകോടെ കുളിച്ചേറി
ഇളം കാറ്റടിച്ചമ്പേ കുളിരാൻ ചുരുങ്ങവെ
കുങ്കുമത്തിൻ സ്വർണ്ണവർണ്ണമോടെതിരേറ്റ
ഉദയരശ്മിയെ പുൽകി വിറയോടെകൈകൂപ്പി
സിരകളാലാനയിച്ചുള്ളം നിറക്കവെ
പൊയ്പ്പോയ തണ്ണുവെല്ലാമിളംചൂടിനാൽ
ചടുലപാദങ്ങൾ വച്ചടിയോടെ മുന്നേറി
ഉമ്മറവാതിൽ മലർക്കെത്തുറന്നകം
പുൽകവെയമ്മതൻ വായ്മൊഴിമുത്തുകൾ
"മോനേ നിശ്ശബ്ദനായ് പൂജാമുറിയേറി
സരസ്വതിമന്ത്രം നൂറേറ്റുചൊല്ലിനീ
ആദ്യാക്ഷരം വീണ്ടും കുറിച്ചിടേണം
മിഴിവോടരിമണിയിലെഴുതിടേണം
ഹരിശ്രീഃഗണപതയേ നമഃ
അവിഘ്നമസ്തു ശ്രീ ഗുരുഭ്യോം നമഃ"
മറുവാക്കുരുവിടാ,ശ്രവിച്ചതെല്ലാം
രണ്ടക്ഷരം തന്നിലൊതുക്കി ഞാനും
ഭയഭക്തിയോടെയീ ചൂണ്ടുവിരലിനാൽ
കുറിച്ചു ഞാൻ പലവട്ടം"അമ്മ"യെന്ന്

കഥ

# ഉറക്കം പകൽ മതി!



ഗോഖില.എം
4A



ഉല്ലു എന്ന മൂങ്ങ മഹാ മടിയനായിരുന്നു. പകലും രാത്രിയും ഉറക്കം തന്നെയാണ് അവന്റെ പണി. ഒരു രാത്രി അമ്പിളി അമ്മാവൻ വിചാരിച്ചു ഇവന്റെ മടി മാറ്റണം. അമ്പിളി അമ്മാവൻ പതുക്കെ ഉല്ലുവിനെ വിളിച്ചുണർത്തി പറഞ്ഞു: ഏയ്യ് നിന്റെ കൂർക്കം വലി കാരണം എനിക്ക് ജോലി ചെയ്യാൻ പറ്റുന്നില്ല. ഇതു കേട്ട ഉല്ലു നാണിച്ച് പറന്നുപോയി. അന്നു രാത്രി അവൻ ഉറങ്ങിയില്ല. നേരം വെളുത്തപ്പോൾ ഉല്ലു ഒരു മരക്കൊമ്പിലിരുന്ന് ഉറങ്ങാൻ തുടങ്ങി .ആരും അവനെ ശല്യപ്പെടുത്താൻ വന്നില്ല . രാത്രിയായപ്പോൾ അതാ വരുന്നു. അമ്പിളി അമ്മാ വൻ അയ്യോ...ഇനി ഉറങ്ങിയാൽ അമ്പിളി അമ്മാവൻ കളിയാക്കും. ഉല്ലു എഴുന്നേ റ്റ് പറന്നു പോയി . അന്നു രാത്രിയും അവൻ ഉറങ്ങിയില്ല! അമ്പിളി അമ്മാവൻ ഉല്ലുവിനോട് ഒരു കാര്യം പറഞ്ഞു:ഞാൻ നിന്നെസങ്കടപ്പെടുത്താനായി പറഞ്ഞതല്ല ഇനി മുതൽ എല്ലാ മൂങ്ങകളും രാത്രി ഉറങ്ങാൻ പാടില്ല അതു കൊ ണ്ടാണ്. അപ്പോൾ തന്നെ ഉല്ലു പകൽ ഉറങ്ങാനും രാത്രി ഉണർന്നിരിക്കാനും തീരുമാനിച്ചു. കൂട്ടുകാരോടെല്ലാം ഉല്ലു ഇക്കാര്യം പറഞ്ഞു.പേടിച്ചു പോയ അവരും പകൽ ഉറക്കം മതിയെന്നു തീരുമാനിച്ചു. അന്നു മുതലാണത്രേ മൂങ്ങകൾ പകൽ മാത്രം ഉറങ്ങാൻ തുടങ്ങിയത്.സ്നേഹത്തോടെയുള്ള അമ്പിളി അമ്മാവന്റെ വാക്കുകളിൽ ഉല്ലു 'മടിയൻ' എന്ന ചിന്ത മാറ്റി.

കവിത



അഞ്ജന.ഡി
6A

# സ്നേഹക്കടലിൽ തീരാദുഃഖം

ജനിക്കുന്നു ചിന്തകൾ  ജന്മനാൾ മുതൽ
ഉയരണം  വളരണം  ആകാശംമുട്ടേ
സ്വപ്നങ്ങൾ  കാണുന്നു പുത്രനെ ഓർത്ത്
ചുവടുവയ്പ്പുകൾ  ഓരോന്നായി
എണ്ണിയിരുന്നു

ചുവടുകളുറച്ചു, കാൽപ്പാദങ്ങളും.....
ഒടുവിൽ ജീവിതപാഠങ്ങൾ തിരിച്ചറിവിൽ

സ്വപ്നങ്ങൾ അകലുന്നു,മോഹങ്ങളും
ജീവിതകയ്പ് നുകർന്നു തുടങ്ങി
കിനാവുകൾ ഈമണ്ണിൽ അലിഞ്ഞിറങ്ങി
സ്വപ്നങ്ങൾ ബാക്കിയായി
മായുന്നു

മറയുന്നു.......എന്നേക്കുമായ്........

സ്നേഹിക്കയുണ്ണി നീ, നിന്നെ
ദ്രോഹിച്ചീടുന്ന ജനത്തെയും

**കുമാരനാശാൻ**

കഥ

# രാജന്റെ മണ്ണ്





സുജിൻ.എസ്
7A

ഒരിടത്ത് രാജൻ എന്ന പേരുള്ള ഒരു കർഷകൻ ഉണ്ടായിരുന്നു.അയാൾക്ക് ഭാര്യയും കുട്ടികളും ഉണ്ടായിരുന്നു.രാജൻ നല്ല കഠിനാധ്വാനിയായിരുന്നു.താൻ കൃഷി ചെയ്യുന്ന സ്ഥലം അയാൾ സ്വർഗ്ഗം പോലെയാണ് കണ്ടിരുന്നത്. രാജന്റെ സ്നേഹവും കഠിനാധ്വാനവും കണ്ട് ഭൂമീദേവി കനിഞ്ഞ് അവന്റെ മുമ്പിൽ പ്രത്യക്ഷ പ്പെട്ടു.എന്നിട്ട് വരമായി എന്തു വേണമെന്ന ചോദിച്ചു.എനിക്കെന്നും ഭക്ഷണം കഴി ച്ച് ദരിദ്രനല്ലാതെ ജീവിക്കണം, രാജൻ പറഞ്ഞു. ഭൂമിദേവി ഒരു പാത്രം രാജനു കൊടുത്തു. അതിൽ ഒരു അരിമണിയിട്ടാൽ  പാത്രം നിറയെ ഭക്ഷണം നിറഞ്ഞു വരും.പിറ്റേ ദിവസവും ഭൂമിദേവി എന്തു വേണമെന്നാവശ്യപ്പെട്ടപ്പോൾ തങ്ങൾക്ക് ജീവിക്കാൻ ഒരു വലിയ മണിമാളികയും കുറെ പണവും വേണമെന്ന് രാജൻ ആവ ശ്യപ്പെട്ടു. അങ്ങനെ രാജന്റെ കുടിൽ ഒരു വലിയ മണിമാളികയായി മാറുകയും , അവർക്ക് സുഖമായി ജീവിക്കാനുള്ള പണം  കൈവരുകയും അവർ സമ്പന്നരാകു കയും ചെയ്തു. ഇത്രയൊക്കെ കിട്ടിയിട്ടും രാജൻ തന്റെ മണ്ണിനെ കൈവിട്ടില്ല.അവൻ തുടർന്നും അതിനെ സ്നേഹിക്കുകയും  സംരക്ഷിക്കുകയും ചെയ്തു.പക്ഷേ ഇത് അത്യാ ഗ്രഹിയായ ഭാര്യക്ക് ഇഷ്ടപ്പെട്ടില്ല.അവൾ രാജനില്ലാത്ത തക്കം നോക്കി ആ സ്ഥ ലം വിറ്റു. ഇതറിഞ്ഞ രാജന് സങ്കടം സഹിക്കാനായില്ല.അവന്റെ കണ്ണുകൾ നന ഞ്ഞു. ഈ സമയം ഭൂമിദേവി പ്രത്യക്ഷപ്പെട്ടുകൊണ്ട് പറഞ്ഞു. നിന്നെയും എന്നെയും മനസ്സിലാക്കാൻ മനുഷ്യർക്കാവില്ല. അതു കൊണ്ടല്ലേ നിന്റെ ഭാര്യ ഈ സ്ഥലം വിറ്റത്.അതു കൊണ്ടുതന്നെ നിനക്കു തന്ന വരമെല്ലാം ഞാൻ തിരിച്ചെടുത്തിരിക്കു ന്നു. ഇനി എല്ലാം  പഴയതുപോലെയായിരിക്കും. ഇത്രയും പറഞ്ഞുകൊണ്ട് ഭൂമി ദേവി അപ്രത്യക്ഷമായി. ഭൂമീദേവി പറഞ്ഞതു പോലെത്തന്നെ സംഭവിച്ചു. മണിമാളികയുടെ സ്ഥാനത്ത് പഴയ കുടിലും  മാന്ത്രിക പാത്രം സാധാരണ പാത്രമാ യി മാറുകയും ചെയ്തു. രാജൻ ഭാര്യയെ ശകാരിക്കുകയും നടന്നതെല്ലാം പറയുകയും ചെയ്തു.താൻ ചെയ്ത തെറ്റിന് അവൾ രാജനോടു മാപ്പു ചോദിച്ചു.അങ്ങനെ അവർ വീണ്ടും ദാരിദ്ര്യത്തിൽ ജീവിച്ചു.

കഥ

# വിടരാതെ പോയ മിഴികൾ



ദൃശ്യ. എം
9A

ഇളം കാറ്റ് തഴുകിയെത്തുന്ന അവളുടെ മുടിയിഴകളാകെ കാറ്റിൽ പാറിപ്പറക്കുന്നു ട്രെയിനിന്റെ ജനലിനരികത്തിരിക്കുന്ന അവൾ, മുഖത്ത് ഒരു ഭാവമാറ്റവു മില്ലാതെ പുറത്തേക്കു നോക്കിയിരിക്കുന്നു. ആ കണ്ണു കൾ, അത് അവളുടെ മനസ്സിന്റെ വിഷമവും തേങ്ങലും ഒട്ടും കുറയാതെ പ്രതിഫലിപ്പിക്കുന്നുണ്ടായിരുന്നു.അവളു ടെ നേരെ എതിർ വശത്ത്, അവളെ നോട്ടം കൊണ്ടു വധിക്കാനെന്ന വിധം നോക്കി നിൽക്കുന്ന രണ്ടു ജ്വലിക്കുന്ന കണ്ണുകൾ. അത് ഒരു സ്ത്രീയുടേതാണ്. പ്രായം കൊണ്ട് അവളുടെ അമ്മയാണെ ന്ന് തോന്നും.എന്നാൽ ആ സ്ത്രീയുടെ കണ്ണു കളിൽ കാണുന്നത് ഒരമ്മയുടെ സ്നേഹമല്ല ......പകരം കുറ്റവാളികളെ നോക്കി ദഹി പ്പിക്കുന്ന പോലുള്ള തീക്ഷ്ണമായ നോട്ട ത്തോടെയാണ് ആ സ്ത്രീ അവളെ ഇടക്കി ടെ നോക്കുന്നത്.അവൾ,പുറത്തെ വയലും കുളവും പറമ്പും എല്ലാംനോക്കിയിരിക്കു ന്നു. അവൾ അറിയാതെ ആ പഴയ കാല ത്തേക്ക് ഒന്നു തെന്നി വീണു., അവളുടെ .........ഭൂതകാലത്തേക്ക്



മോളെ, വീണേ...., ഇങ്ങു വാ..വന്ന് ചായ കുടിച്ചേ."മുറ്റത്തെമാവി ൻ ചുവട്ടിൽ ചെറിയ കു ട്ടികളുമോടൊത്ത് കളി ച്ച് നിന്നവീണയെ



അമ്മ വിളിച്ചു. "എന്താ അമ്മേ...കളി ഒന്നു രസം പിടിച്ചുവരുവായിരുന്നു." വീണ അമ്മയോട് പറ ഞ്ഞു."പിന്നെ. ...,  വയസ്സേ, പതിനെട്ടാ..അല്ലാതെ പിള്ളാരോടൊത്ത് കളിച്ച് നടക്കണ്ട പ്രായമല്ല." അമ്മ പറഞ്ഞു."എന്താ അമ്മേ..,കോളേജിലേക്കുള്ള അലോ ട്ട്മന്റ് വൈകാതെ വരും, അതുവരെ അല്ലേ ഈ കളിയും ചിരിയുമൊക്കെ.. അതു കഴിഞ്ഞാൽ പിന്നെ പഠിക്കാ നല്ലേ സമയം കിട്ടുള്ളൂ.."അവൾ നിഷ്ക ളങ്കതയോടെ പറഞ്ഞു. "ആ...മോൾ നല്ലോണം പഠിക്കണം, പഠിച്ച് നല്ല ഒരു ജോലി വാങ്ങണം...എന്നിട്ട് വേണം നിന്നെ, ഒരുത്തന്റെ കൈയ്യി ൽ പിടിച്ചേൽപ്പിക്കാൻ...എന്നിട്ട് വേണം എനിക്കൊന്നു സമാധാന ത്തോടെ കണ്ണടക്കാൻ..."  പറഞ്ഞ് തീരും മുൻപേ അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. കണ്ടുനിന്ന വീണ അമ്മയെ സമാധാനിപ്പിക്കാനെന്ന

വിധം ഇങ്ങനെ പറഞ്ഞു,"ഒന്നു മിണ്ടാതിരിഅമ്മേ .. അമ്മയെ ഞാൻ അത്ര പെട്ടെന്നൊന്നും വിടും എന്ന് കരുതണ്ട..." അമ്മയുടെ കണ്ണുനീർ വീണ തുടച്ചുമാറ്റി. "എന്താ മോളെ, നമുക്ക് മാത്രം എന്താ ഇങ്ങനെ...നിന്റെ അച്ഛൻ ,അയാൾക്ക് നമ്മളെക്കു റിച്ച് വല്ല ചിന്തയുമുണ്ടോ?, എന്നേക്കുറിച്ചോർത്തി ല്ലെങ്കിലും നിന്നെക്കുറിച്ചെങ്കിലും ഓർക്കണ്ടേ..... നമ്മൾ രണ്ടു പേർ ഈ വീട്ടിൽ ഉണ്ട് എന്നുപോലും അയാൾ ചിന്തിക്കുന്നില്ല. നിന്റെ അച്ഛന് ഈ ഉമ്മ റത്തിണ്ണയുമായി മാത്രമേ ബന്ധമുള്ളൂ...,എന്നും അവിടെ വന്ന് കിടക്കും.അവിടന്ന് എണീറ്റുപോവും ബാക്കി പറയാൻ അമ്മയുടെ കണ്ണുനീർ അനുവദി ച്ചില്ല. അത് നിർത്താതെ ഒഴുകികൊണ്ടിരുന്നു. പിന്നെ വീണ അമ്മയെ മറ്റു കാര്യങ്ങൾ പറഞ്ഞ് സങ്കടം മാറ്റാൻ ശ്രമിച്ചു.നേരം ഇരുട്ടിത്തുടങ്ങി. അച്ഛൻ മദ്യപിച്ച് എന്തൊക്കൊയെ പറഞ്ഞ് നടന്ന് വരുന്ന ശബ്ദം കേട്ടു, ഉമ്മറത്തിണ്ണയിൽ എത്തുമ്പഴേക്കും കാലിടറി അവിടെ വീണു. എന്നും ഇതു തന്നെ പതിവ്.രാവിലെ തനിയെ എണീറ്റു പോവും. അച്ഛൻ ജോലി ചെയ്തിട്ട് ആ പൈസ കൊണ്ട് അച്ഛൻ തന്നെ കുടിക്കും.വീണയുടെ അമ്മ ജോലിക്കു പോയിട്ടാണ് വീട്ടിലെ കാര്യങ്ങൾ നടക്കുന്നത്. പിറ്റേന്ന് രാവിലെ അച്ഛൻ നേരത്തെ എണീറ്റ് കുളികഴിഞ്ഞ് പതിവു പോലെ ജോലിക്ക് പോയി. കുറച്ച് കഴിഞ്ഞപ്പോഴേക്കും വീണ സന്തോ ഷത്തോടെ അടുക്കളയിൽ അമ്മയ്ക്കു രികിലെത്തി. അമ്മ ചോദിച്ചു, "എന്താ വല്ലാത്ത സന്തോഷത്തിലാണല്ലോ..." മറുപടി വീണ പറഞ്ഞു "അതേ അമ്മേ...., ഇതു നോക്കി ക്കേ ..എനിക്ക് ഞാനിഷ്ടപ്പെട്ട കോളേജിൽ തന്നെ ഇനി പഠിക്കാം. ഇതാ അലോട്ട്മെന്റ് വന്നു." "ആണോ.., എനിക്ക് സന്തോഷമായി മോളെ നിന്റെ സ്വപ്നം സാക്ഷാത്ക രിക്കാനുള്ള ആദ്യ പടിയാണിത്, നീ വിജയിക്കും മോളെ നല്ല പോ ലെ പഠിച്ചാൽ മതി."അമ്മ പറഞ്ഞു വീണയ്ക്കു കോളേജിൽ കൊണ്ടുപോ വാനുള്ള ബാഗും ബുക്കും പേനയും എല്ലാം വാങ്ങാനായി അമ്മയും വീണ യും കടയിലേക്ക് പോയി. എല്ലാം വാങ്ങി.എല്ലാം പൂർത്തിയാ യി, ഇനി കോളേജിൽ പോവേണ്ട ദിവസം ആയാൽ മാത്രം മതി. ഒടു വിൽ ആ ദിവസമെത്തി, വീണയ്ക്കു കോളേജിൽ പോകേണ്ട ദിവസം. ഒത്തിരി പ്രതീക്ഷകളോടെ സന്തോഷത്തോടെ അവൾ രാവി ലെ എണീറ്റു. നോക്കുമ്പോൾ തൊട്ടടുത്ത് അമ്മ കിടക്കുന്നു. അവ ൾ ഒന്നു സംശയിച്ചു. സാധാരണ ഇതു പതിവില്ലല്ലോ... എന്നേക്കാ ളും മുമ്പേ അമ്മഎണീക്കാറുള്ളതാ.. അവൾ ചിന്തിച്ചു. പിന്നെ ക്ഷീണം കാര ണമാവുമെന്ന് കരുതി. കുറച്ചു കഴിഞ്ഞ് വന്നു നോക്കുമ്പോഴും അമ്മ എണീറ്റിട്ടില്ല. അതേ..,..... അവളുടെ അമ്മ അവളെ വിട്ടുപോയി വീണയുടെ അമ്മ മരിച്ചു.ആ കണ്ണു കൾ ഇനി തുറക്കില്ല , ആ കൈക ൾ ഇനി അവളെ തലോടില്ല. അവ ൾ ആകെ ഭയന്നു. അവൾ അച്ഛനെ പോയി വിളിച്ചു. വീണ ആകെ തള ർന്നു പോയി അവളുടെ കണ്ണുകൾ നിറഞ്ഞു കവിയുകയായിരുന്നു, അതിനു ഒരു ശമനവും ഉണ്ടായിരു ന്നില്ല. അവൾ അമ്മവാങ്ങി തന്ന ബാഗും ബുക്കുമൊക്കെ എടുത്തിട്ട്

അമ്മയുടെ മൃതശരീരത്തിനരികിലെത്തി, കരഞ്ഞുകൊണ്ട് പറഞ്ഞു. അമ്മേ., എണീക്കമ്മേ.. അമ്മേ, അമ്മയല്ലേ പറഞ്ഞത് ആദ്യ ദിവസം കോളേജിൽ പോകുമ്പോൾ അമ്മ എന്നെ ഒരുക്കാമെന്ന്, ഈ ബാഗിൽ ബുക്കെല്ലാം അമ്മ അടുക്കി വെക്കാമെന്ന്, അമ്മേ..എണീക്കമ്മേ...എന്നെ നോക്കമ്മേ.., അമ്മേ..എന്നെ ഒന്ന് ചേർത്തു പിടിക്കമ്മേ.. കരഞ്ഞു തളർന്നുകൊണ്ട് അവൾ ആ മൃതദേഹത്തിനരികിലിരുന്നു. ചടങ്ങുകളെല്ലാം കഴിഞ്ഞു. വീണ ആകെ തളർന്നുപോയിരുന്നു. ആരോടും ഒന്നും മിണ്ടുന്നില്ല. ...ഒരു മുറിയിൽ ഒരു മൂലയിൽ ഒറ്റ ഇരിപ്പാണ്. കുറച്ചു നാൾ കഴിഞ്ഞപ്പോൾ അവളുടെ അച്ഛൻ മറ്റൊരുവിവാഹം കഴിച്ചു, വീണ ഒന്നും പറഞ്ഞില്ല.... അച്ഛൻ ഒന്നും ചോദിച്ചുമില്ല. ആളുകൾ പലതും പറഞ്ഞു.എന്നാൽ വീണ, അവൾ ആകെ തകർന്ന മട്ടിൽ തന്നെയായിരുന്നു. മാസങ്ങൾ കഴിഞ്ഞു.വീണയുടെ അച്ഛനും അച്ഛനും അവളെ വിട്ടു പോയി.അച്ഛന്റെ മദ്യപാനമായിരുന്നു കാരണം. വീണയ്ക്ക് അത് വലിയ ഒരു ആഘാതമായിരുന്നു. അവൾ തികച്ചും ഒറ്റപ്പെട്ടുപോയി. രണ്ടാനമ്മയ്ക്കാണെങ്കിൽ വീണയെ ഇഷ്ടമല്ലായിരുന്നു. അവർ താമസിച്ചിരുന്ന വീടും പറമ്പും അവരുടെ പേരിലാക്കി. വീണയോട് എന്നും ദേഷ്യപ്പെട്ടാണ് സംസാരിക്കുക, ഒരു ദയയും അവർക്കില്ലായിരുന്നു.

ഇപ്പോൾ ഇതാ ഈ യാത്ര അവർക്കൊപ്പമാണ്, ഇവളെ നോക്കുന്ന ആ ജ്വലിക്കുന്ന കണ്ണുകൾ അവളുടെ രണ്ടാനമ്മയുടേതായിരുന്നു. അവർ ഇവളെ എവിടെ യോ ബലം പ്രയോഗിച്ച് കൊണ്ടുപോവുകയാണ്. വീണയെ കൊല്ലാനാണോ അതോ മറ്റെന്തിനാണെന്നോ അവൾക്കറിയില്ല .എല്ലാം ഓർത്തു കഴിഞ്ഞപ്പോഴേക്കും അവളുടെ കണ്ണിൽ നിന്നും ചുടുകണ്ണീർ പൊഴിയുന്നുണ്ടായിരുന്നു. അവളറിയാതെ ആ കണ്ണുകൾ നനവാർന്നുപോയി. അവൾ ആ സീറ്റിലിരുന്ന് ഒന്ന് മയങ്ങി, കുറച്ച് ആശ്വാസത്തിനായി..........അവൾ ഉറങ്ങിപ്പോയി. ഇനി ഒരിക്കലും ഉണരാത്ത ഉറക്കത്തിലേക്ക്.....അവളും വിടവാങ്ങി ഈ ലോകത്തിൽ നിന്നും...........ഇനി ഉണരാത്ത ഒരു മരണയാത്ര.



കഥ

# മകൾ



വർഷ.ജി
**9A**

വീടിനു പിന്നാമ്പുറത്തിലൂടെ നടക്കുന്നതിനിടയിടയിലാണ് ചിമ്മിനിയുടെ അടിയിൽ ഒതുക്കിമടക്കിയ ഒരു കടലാസ് കാണുന്നത്. എടുത്തുനിവർത്തി നോക്കുമ്പോൾ അതിലിങ്ങനെ എഴുതിയിരിക്കുന്നു.പ്രിയപ്പെട്ട അച്ഛനും അമ്മയും അറിയാൻ,ഇന്നു രാത്രി ഞാൻ നിങ്ങളെ വിട്ടുപോവുകയാണ്.കോളേജിൽ എന്റെ സീനിയറായ ഒരാളുമായി എനിക്ക് അടുപ്പമുണ്ടായിരുന്നതു ഞാനിതുവരെ നിങ്ങളോടു പറഞ്ഞിട്ടില്ല.പറഞ്ഞാൽ ഞങ്ങൾക്കു പരസ്പരം നഷ്ടം സംഭവിച്ചാലോ എന്നു ഭയന്നിട്ടാണ്.നിങ്ങൾക്കിതു വിഷമമുണ്ടാക്കുമെന്നറിയാം. ഞങ്ങൾക്കിതല്ലാതെ വേറെ വഴിയില്ല.സ്നേഹനിധിയായ അച്ഛനെയും അമ്മയേയും വിട്ടേച്ചു പോവുകയാണ്. പൊറുക്കണം. ഈ മകളെ ശപിക്കരുത്. ഞങ്ങൾക്കു വേണ്ടി പ്രാർഥിക്കണമെന്ന അപേക്ഷയോടെ.......സ്വന്തം മീനു.അയാൾ പേപ്പർമുഷ്ടിയിലിട്ടു ചുരുട്ടി.കണ്ണുകളിൽ നനവു പടർന്നിരിക്കുന്നു.കണ്ണുകൾ അമർത്തിത്തുടച്ച് അകത്തേക്ക് കയറാനൊരുങ്ങുമ്പോൾ വാതിലിനുരികിൽ ഭാര്യ നിൽക്കുന്നു.നിങ്ങളുടെ കണ്ണിനെന്തു പറ്റി കലങ്ങിയിരിക്കുന്നല്ലോ......? ഒന്നുല്യ...അല്ല എന്തോ ഉണ്ട്. എന്തുപറ്റി ....? അയാൾ കടലാസ് അവൾക്കു നേരെ നീട്ടികൊണ്ട് പറഞ്ഞു.മീനു എഴുതിവച്ച കടലാസാണിത്. അവരതു തുറന്നു വായിച്ചില്ല. കൈകൾ ചിറുങ്ങനെ വിറയ്ക്കുന്നുണ്ടായിരുന്നു.



നിങ്ങളെന്തിനാ അതെടുത്തത്.ഞാൻ മുറി വൃത്തിയാക്കിയപ്പൊ കിട്ടിയതൊക്കെ കത്തിക്കാൻ കൊണ്ടുവന്നിട്ടതാ അവിടെ.അയാൾ ഭാര്യയുടെ കയ്യിൽ നിന്നു കടലാസ് തിരിച്ചുവാങ്ങി.വേണ്ട. ......ഇതു കത്തിക്കണ്ടാ ...ഇതെന്റെ കയ്യിലിരിക്കട്ടെ.അയാൾ ഉള്ളിലേക്കു നടന്നു. അകത്തെ പൂട്ടിയിട്ട മുറിയിലേക്കു കയറി അടച്ചിട്ട മേശവലിപ്പു വലിച്ചു തുറന്നു.അതിൽ മടക്കിവച്ചപഴയൊരു പത്രമെടുത്തു നിവർത്തി, അകത്താളിലെ ഇടതുമൂലയിലെ ഒരു വാർത്തയിൽ അയാൾ കണ്ണും നട്ടിരുന്നു. വാഹനാപകടത്തിൽ കമിതാക്കൾ മരിച്ചു. വാർത്തയ്ക്കടിയിലെ നിറഞ്ഞ ചിരിയോടുള്ള മീനുവിന്റെ ഫോട്ടോ കണ്ടപ്പോൾ ഒരിക്കൽ കൂടി അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

ഒളിച്ചോടിയ അന്നരാത്രി വഴിമധ്യേ വാഹനാപകടത്തിൽ തന്റെ ഏകമകൾ........ പിറ്റേന്ന കാലത്തേ അവൾ വീട്ടിലേക്ക തിരിച്ചു വന്നിരുന്നു. ചതഞ്ഞ മുഖവുമായ് നിശ്ചലമായ ദേഹവുമായ്.....പത്രം നെഞ്ചിലമർത്തി പിടിച്ചു കൊണ്ട് അയാൾ കിടന്നു. കൈയിലുള്ള കടലാസു നിവർത്തി ഒരിക്കൽ കൂടി വായിച്ചു.പ്രിയപ്പെട്ട അച്ഛനും അമ്മയും അറിയാൻ, ഇന്ന രാത്രി ഞാൻ നിങ്ങളെ വിട്ടുപോവുകയാണ്. കണ്ണുകൾ തുളുമ്പി...ഹൃദയം വിങ്ങിപ്പൊട്ടി....ഇടറിയ ഒച്ചയോടെ അയാൾ വിളിച്ചു മോളേ..............

---

കവിത



നേഘ എം
**4A**

# എന്റെ മരം



പച്ചക്കുടയുടെ ചോട്ടിൽ ഞാനൊരു
സ്വപ്നം പണ്ടു കുഴിച്ചിട്ടു
പത്തിലനൂറില പെട്ടെന്നെൻ മന-
മൊത്താരുമരമായ് തളിരിട്ടു
എന്റ മരത്തിനു പേരിട്ടുഞാ..........
നെൻ ഹൃദയത്തിനു വളമിട്ടു
അങ്ങുയരത്തിൽ വർണമാമര
മെന്റെ മനസ്സിൽ പൂവിട്ടൂ.....

കഥ



വിസ്മയ സി
9A

# ദൈവത്തിൻ കരുണ

“ദൈവമേ എന്തിനാണു എന്നെ ഇങ്ങനെ വേദനിപ്പിക്കുന്നത്. സങ്കടത്തിന്റെ ആഴക്കടലിലാണിപ്പോൾ ഞാൻ സഞ്ചരിക്കുന്നത്. സഹനത്തിന്റെ വഴിയിലൂടെയാണ് ഞാനിപ്പോൾ. എന്നെ എന്തിനാണ് അങ്ങ് ദരിദ്രനാക്കിയത്, എന്റെ കൈയിൽ എത്ര പണമുണ്ടായിരുന്നു. എന്റെ അത്യാഗ്രഹമായിരിക്കും ഈ വേദനയുടെ കാരണം.ഞാൻ എന്റെ തെറ്റ് ഏറ്റ് പറയുന്നു അങ്ങയുടെ മുന്നിൽ'', അങ്ങനെ മനസ്സിൽ പ്രാർത്ഥിച്ച് അദ്ദേഹത്തെ ദരിദ്രനാക്കിയ കഥ ആലോചിച്ച് ഓടക്കരികിൽ ഇരുന്നു, അപ്പോഴെല്ലാം ആളുകൾ വളരെ ലജ്ജയോടും, സഹതാപത്തോടും, വെറുപ്പോടുംകൂടി നോക്കുമ്പോൾ അദ്ദേഹത്തിന് ഒരുപാട് സങ്കടമുണ്ട്. ഇദ്ദേഹം വേദനയും വിശപ്പും സഹിച്ചു ഇദ്ദേഹത്തെ എല്ലായിടത്തിൽ നിന്നും ഒഴിവാക്കി, അവഗണിച്ചു. അദ്ദേഹത്തിന്റെ വേഷമാണെങ്കിൽ-ബനിയനിൽ ഒരുപാട് ഓട്ടയും, ചെളിയും. മുണ്ട് കീറിയതുകൊണ്ട് നടക്കുന്നത് അതും വലിച്ചുകൊണ്ടാണ്. കുറ്റിക്കാടു പോലെയുള്ള തിങ്ങി നീണ്ടു വളർന്ന താടിയും, മുടിയും,കാലുകളിൽ ചെരുപ്പ് ധരിക്കാത്തതിനാൽ കാൽ വീണ്ടു കീറി ചോര പാടുകൾ കാണാം .ക്രമമായുള്ള ഭക്ഷണമില്ലാത്തതിനാൽ ശരീരം മുഴുവനും എല്ലുകൾ പൊന്തിയിരിക്കുന്നു. കണ്ടാൽ രോഗം ബാധിച്ച ഒരു ഭ്രാന്തനെ പോലെ. ഇദ്ദേഹം എപ്പോഴും ആലോചിക്കുന്നത് 'ഞാൻ ആരെയെങ്കിലും വിവാഹം ചെയ്തിരുന്നുവെങ്കിൽ അവരും ഈ വിധി അനുഭവിക്കേണ്ടി വരുമായിരുന്നു. എന്റെ അത്യാഗ്രഹത്തിനുള്ള ശിക്ഷയാണിത്.’ ഇദ്ദേഹത്തിന് നല്ല പേരും പ്രശസ്തിയും ഉണ്ടായിരുന്നു. എന്നാൽ അതിനെയും ദൈവം ശിക്ഷയിൽ ഉൾപ്പെടുത്തി. ഇപ്പോൾ ഇദ്ദേഹത്തിന്റെ പേര് പോലും ആരും ഓർക്കുന്നില്ല. ഇദ്ദേഹത്തെ ആർക്കും അറിയുകയുമില്ല. ഇദ്ദേഹത്തിന്റെ പേര് 'മഹി'. എപ്പോഴെങ്കിലും കിട്ടുന്ന ഒരു നേരത്തെ ഭക്ഷണം കഴിച്ചു ജീവിക്കുന്നു. മഹി ഒരു നാൾ ഭിക്ഷയ്ക്കു വേണ്ടി ചോദിക്കുന്നതിനിടയിൽ ഒരു ജന്റിൽമെൻ ഇദ്ദേഹത്തിനെ കാണാൻ ഇടയായി .ഇദ്ദേഹം മഹിയുടെ കീഴിൽ ജോലി ചെയ്തയാളാണ്. മഹിക്ക് ഇദ്ദേഹത്തെ കണ്ട് തിരിച്ചറിയാൻ കഴിഞ്ഞില്ല.മഹി എല്ലാവരോടും

ചോദിക്കുന്ന പോലെ ഇദ്ദേഹത്തിനോടും ചോദിച്ചു. ഇത് കണ്ട അദ്ദേഹം തന്റെ മാനേജറും ഗുരുവുമായിരുന്നയാളെ കണ്ട് സ്നേഹവും അമ്പരപ്പും കലർന്ന ഭാവത്തോട് കൂടി അദ്ദേഹത്തെ കെട്ടിപ്പിടിച്ചു."തനിക്കുപോലും പെട്ടെന്ന് മനസ്സിലാക്കാൻ സാധിച്ചില്ല. പിന്നെ തന്റെ ഈ ഭീകരമായ, ആരെയും ഞെട്ടിക്കുന്ന കോലവും. പിന്നെ തന്നെ കെട്ടിപ്പിടിച്ച അദ്ദേഹത്തോട് പേരെന്താണെന്ന് ചോദിച്ചു ,സുധി.അങ്ങനെ സുധി മഹിയെ അടുത്തുള്ള ഒരു ക്ഷേത്രത്തിൽ വിളിച്ചുകൊണ്ടു പോയി. പക്ഷേ അദ്ദേഹം ക്ഷേത്രത്തിനു അകത്ത് കയറിയില്ല, സുധി ഒരുപാട് പറഞ്ഞു നോക്കി. മഹി പറഞ്ഞു."തന്റെ പണത്തോടുള്ള അത്യാഗ്രഹത്തെ വിലയിരുത്തി എനിക്ക് തന്ന ഈ ശിക്ഷ മാറ്റി ഞാൻ പഴയ ഒരു വലിയ ബിസ്സിനസ് ആളാകുന്നതുവരെയും ഞാൻ ദൈവത്തെ കാണില്ല".പക്ഷേ സുധി ഇതിനെ വിലക്കി.അപ്പോൾ പ്രാർത്ഥിക്കില്ലേ ?.. ഒരു മൂളലോടെ സുധി നിർത്തി. ഇങ്ങനെയെല്ലാം പറയുമ്പോഴും സുധിക്ക് ഇദ്ദേഹത്തിന്റെ ഭാഷയോ,വസ്ത്രധാരണമോ സംസാരശൈലിയോ, ഇഷ്ട മായില്ല ഇങ്ങനെ പോവുകയാണെങ്കിൽ ഇദ്ദേഹം ഒരുക്കലും ഒരു ബിസ്സിനസും ചെയ്യാൻ കഴിയില്ല , എങ്കിലും മഹിയുടെ ആരോഗ്യനില മെച്ചപ്പെടുത്താൻ വേണ്ടി ആശുപത്രിയിലേക്ക് കൊണ്ടു പോയി. ഡോക്ടർ ഇദ്ദേഹത്തിന്റെ ശരീരം മുഴുവനും പരിശോധിച്ചു, എന്നിട്ട് പറഞ്ഞു മനസ്സിന്റെ ബലം കൊണ്ടാണ് ഇദ്ദേഹത്തിന്റെ ജീവൻ ഇവിടെവരെ എത്തി യത്, ഇദ്ദേഹത്തിന്റെ ആദ്യത്തെ ഹൃദയാഘാതം കഴിഞ്ഞിരിക്കുന്നുവെന്ന് പറഞ്ഞു. അങ്ങനെ സുധി ഇദ്ദേഹ ത്തിനെ തന്റെ വീട്ടിൽ കൊണ്ടു പോയി .പതുക്കെ സുധി മഹിയെ പഴയതിനേക്കാൾ ഇരട്ടിയും മനക്കരുത്തും സത്യസന്ധതയുമുള്ള ഒരു ബിസ്സിനസ് ഉദ്യോഗസ്ഥനായി. കാലം നീണ്ടു പോയി. തന്റെ ബിസ്സിനസിൽ തന്നെ സുധിക്കും ജോലി കൊടുത്തു. മഹിയുടെ ബിസ്സിനസ് മികച്ച നിലയിൽ എത്തി.സുധി മഹിയോട് പഴയ ഒരു കാര്യം ഓർമിപ്പിച്ചു. 'എല്ലാം നേടിയാൽ ദൈവത്തെ ക്ഷേത്രത്തിൽ പോയി കാണാമെന്നും ദൈവത്തോട് മാപ്പു പറയാമെന്നും.' അങ്ങനെ അവർ ഒട്ടും വൈകിപ്പിച്ചില്ല. അപ്പോൾ തന്നെ ക്ഷേത്രത്തിൽ പോയി, തെളിഞ്ഞ അന്തരീക്ഷം, മഹി ദൈവത്തെ കണ്ട് മാപ്പു പറഞ്ഞു, കരഞ്ഞു. അങ്ങനെ ക്ഷേത്രത്തിൽ നിൽക്കുമ്പോൾ സുധി അന്ന് പറയാമെന്നുവെച്ച കാര്യം പറഞ്ഞു. 'നന്ദി'.പിന്നെ കുറച്ച് നിർത്തിയിട്ട് തുടർന്നു ,' തന്റെ കുടുംബത്തിന്റെ പട്ടിണിമാറ്റിയ ദൈവമാണ്,അതുകൊണ്ടാണ് ദൈവത്തിന്റെ സന്നിധിയിൽ തന്നെ പറഞ്ഞത് '. തിരിച്ച് മഹിയും 'നന്ദി'.

കവിത





ദർശന. ബി
4.A

# സ്നേഹം

ഇവിടെ  സ്നേഹിച്ചതാദ്യമായ് ആരെ ഞാൻ?
മിഴികളിൽ ചുണ്ടുചേർത്തൊരെന്നമ്മയെ
കവിത ചൊല്ലിപ്പഠിപ്പിച്ചൊരച്ഛനെ
വഴിയൊരുക്കുവാൻ വന്നെൻ ഗുരുവിനെ
ഇവിടെ സ്നേഹിച്ചതാദ്യമായ് എന്തിനെ?
ചുവടുതാങ്ങിത്തുണച്ചൊരീ മണ്ണിനെ..
പിറവിയോടൊത്തു കണ്ട നഭസ്സിനെ
മധുരമൂറും മനുഷ്യവചസ്സിനെ....
കിളികൾ വാഴ്ത്തുന്ന മധുരരാഗത്തിനെ
കുളിരുകോരുന്ന സുപ്രഭാതത്തിനെ
ഹൃദയരാഗം ചുവപ്പിച്ച സന്ധ്യയെ
ഇരുളുനീക്കുന്ന സൗവർണ്ണ സൂര്യനെ
അഴകിൽ മുങ്ങിയൊരിന്ദ്രധനുസ്സിനെ
അലിവുകാട്ടുന്ന കാർമേഘപാളിയെ
നിഴൽ നിരത്തുന്ന നിശ്ശബ്ദരാത്രിയെ
അഴലകറ്റുവാനെത്തും പകലിനെ.

കവിത



ദൃശ്യ. എം
9A

# കരുണയ്ക്കായി കൊതിച്ച മിഴികൾ

ആ മിഴികൾക്കെന്നും കൂട്ടായി
മിഴിനീരുണ്ടായിരുന്നു
അവ കണ്ണിൽ നിന്നൊഴുകിയത്
ആ ഹൃദയത്തിലൂടെ  ആയിരുന്നു
കാല സൗന്ദര്യം അവളറിഞ്ഞില്ല
വസന്തഭംഗിയും വർഷസംഗീതവും
 അവളുടെ കാഴ്ചകളെ വിരുന്നൂട്ടിയില്ല
പുസ്തകത്താളിലെ മയിൽപ്പീലിപ്പോലെ
അവളുടെ സ്വപ്നങ്ങൾ ആകാശം കണ്ടില്ല
വിഷാദത്തിന്റെ കരിപുരണ്ടപ്പോഴും
ശകാരത്തിന്റെ കൂരമ്പ് തറച്ചപ്പോഴും
അതവളിലായി മാത്രം ഒതുങ്ങി
സ്വപ്നത്തിന്റെ ഇലകൾ പൊഴിയുമ്പോഴും
അവൾ മറ്റുള്ളവർക്കായി
ഒരു തണൽമരം ഒരുക്കി
മുള്ള് വിതറിയ കാട്ടുവഴിയിലൂടെ
മരണത്തിന്റെ മടിത്തട്ടിൽ എത്തുമ്പോഴും
അവൾ കരുണയ്ക്കായി കൊതിച്ച
ആ കണ്ണുകളെന്നും നനവാർന്നിരുന്നു
എന്നും മിഴിനീർ മാത്രമായിരുന്നു
ആ മിഴികൾക്ക് കൂട്ട്

കവിത

# പിറക്കാത്ത മകൾക്ക്

വർണസ്വപ്നങ്ങളൂട്ടിയുറക്കിയ മകൾക്ക്,
താതഹൃദയം ആദ്യം തന്നത് നീയാണ്
രാവുറക്കങ്ങൾക്ക് തല ചായ്ച്ചതും
ഉറങ്ങാത്ത രാവുകൾക്ക് കൂട്ടിരുന്നതും
മകളെന്ന മൂന്നക്ഷരങ്ങൾ കൊണ്ടാണ്
ആ അക്ഷരങ്ങൾക്കുള്ളിലൊരു കടലുണ്ട്
സ്നേഹം കൊണ്ട് ഹൃദയം മുക്കിയ കടൽ
മഞ്ഞുവീണ ചില്ലുജാലകകാഴ്ച്ചപോലെ
ഒരവ്യക്തചിത്രമാണെനിക്കെൻ മകൾ
ഓർമയിൽ സ്നേഹത്തിന്റെ കടലാഴമുള്ള
കിനാവാണ്, നോവാണ് മകൾ.
പിതൃഹൃദയത്തിന്റെ നഷ്ടതീരങ്ങളിൽ
ഒരു ശലഭച്ചിറകെരിയുന്നുണ്ട്
തീ വരയ്ക്കുന്ന ആ തീരങ്ങളിൽ
പൊള്ളിയടരുന്ന ഒരു വർണസ്വപ്നമുണ്ട്
തൊടുക്കാത്ത വാക്കുപോലെ,
പിറക്കാത്ത മകൾ.
മകളുടെ പേരെഴുതിയ കണ്ണീർക്കാലം
തോരുകയില്ലെന്നാകിലും
കാത്തിരിപ്പിന്റെ ചക്രവാളം
സന്ധ്യയിലലിഞ്ഞു പോയി



വൈഗ




# വിരാമം

സ്നേഹത്തിന്റെ കുടവട്ടത്തിൽ നിർത്തി,
നന്മയുടെ വിരൽത്തുമ്പ് പിടിച്ച് യാത്ര
തുടരുകയാണ്. പൊട്ടിയടർന്ന സ്നേഹത്തിന്റെ
പ്രകാശഗോപുരങ്ങളും ചിറകൊടിഞ്ഞ് വീണ
മാലാഖക്കുഞ്ഞുങ്ങളും നിഴൽച്ചിത്രങ്ങളായി
മുന്നിലുണ്ട്. കിളിച്ചിറകിന് ആകാശം നൽകാൻ
ശേഷിയുള്ള ഹൃദയവിശാലതയിലേക്കുള്ള തുടക്കം
കൂടിയാണിത്. ഈ യാത്രയിൽ മനസ്സിനെ
തണൽമരമാക്കി ഊന്നുവടി തന്നവർക്ക്,
സർവേശ്വരന്, നന്ദി.
ഒപ്പം ;പ്രളയം ഊതിത്തെളിച്ച മാനവികതയുടെ
പെയ്ത് തീർന്ന മഴയ്ക്ക്,
അക്ഷരാകാശത്തിൽ വാക്കിന്റെ കനലൂതി
ജ്വലിപ്പിച്ച മലയാളത്തിന്റെ വെയിൽനാളത്തിന്,
കാലൂന്നാൻ മണ്ണു തന്ന് സംസ്കാരവഴികളിൽ
നറുഗന്ധം വിതറിയ നാട്ടകത്തിന്റെ ഇളംകാറ്റിന്,
നന്ദി ;സ്നേഹം.

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2019-2020



പ്രകാശം